LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2010 ഡിസംബർ 27, തിങ്കൾ

നിയമസഭ 2010 ഡിസംബർ മാസം 27-ാം തീയതി തിങ്കളാഴ്ച രാവിലെ 9-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

മി.സ്പീക്കർ : ഓർഡർ, ഓർഡർ.....

ചരമോപചാരം

മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ : സ്വാതന്ത്ര്യസമര സേനാനിയും ഏഴ് പതിറ്റാണ്ടുകാലം സംസ്ഥാന-ദേശീയ രാഷ്ട്രീയത്തിൽ നിറസാന്നിദ്ധ്യവുമായിരുന്ന മുൻ മുഖ്യമന്ത്രി കെ. കരുണാകരൻ 2010 ഡിസംബർ 23-ന് അന്തരിച്ചു. സഭ സമ്മേളിക്കുന്ന കാലയളവിലുള്ള അദ്ദേഹത്തിന്റെ നിര്യാണം നമുക്കേവർക്കും ദു:ഖം ഉളവാക്കുന്ന കാര്യമാണ്. കണ്ണൂർ ജില്ലയിലെ ചിറക്കൽ തെക്കേടത്ത് രാവുണ്ണി മാരാരുടേയും കല്യാണി അമ്മയുടേയും മകനായി 1918 ജൂലായ് 5-ന് അദ്ദേഹം ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനിടെ ചിത്രകലാ പഠനത്തിനായി തൃശൂരിലെത്തിയ അദ്ദേഹം 19-ാം വയസ്സിൽ കോൺഗ്രസ് അംഗമായി. തുടർന്ന് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന വിവിധ സ്വാതന്ത്ര്യസമര പോരാട്ടങ്ങളിൽ പങ്കാളിയായി. 1942 -ൽ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്ത് 9 മാസം വിയ്യൂർ സെൻട്രൽ ജയിലിൽ ജയിൽവാസമനുഭവിച്ചു. ജീവിതാനുഭവംകൊണ്ടും പ്രായോഗികബുദ്ധികൊണ്ടും നേടിയ രാഷ്ട്രീയതന്ത്രജ്ഞതയും നേതൃപാടവവും അദ്ദേഹത്തെ ലീഡറാക്കി മാറ്റി. പ്രതിസന്ധികളെ ധീരമായി നേരിടുന്നതിനും അതിൽനിന്നും തന്റെ പ്രയാണത്തിനുള്ള ഊർജ്ജം സംഭരിച്ച് അനുകൂലമായ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അസാമാന്യമായ ഇച്ഛാശക്തിയാണ് അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ളത്. 1937-ൽ തൃശൂർ ടൗൺ കോൺഗ്രസ് കമ്മിറ്റി സെക്രട്ടറിയായ അദ്ദേഹം 1940-ൽ കെ. പി. സി. സി. അംഗമായി. തുടർന്ന് സംസ്ഥാന-ദേശീയ നേതൃത്വത്തിലേക്ക് ഉയർന്ന് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തക സമിതിയിലെ തലമുതിർന്ന അംഗമായിത്തീർന്നു. ഏഴുപതിറ്റാണ്ടിലേറെ നീണ്ടുനിന്ന രാഷ്ട്രീയപ്രവർത്തനത്തിൽ മുക്കാൽ പങ്കും പാർലമെന്ററി പ്രവർത്തനത്തിൽ

നേതൃത്വപരമായ പങ്കുവഹിച്ചു. തൃശൂർ നഗരസഭാ കൗൺസിലിലേക്ക് 1945-ൽ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട കരുണാകരൻ സ്വാതന്ത്ര്യലബ്ധിക്കു ശേഷം 1948-ൽ ഒല്ലൂക്കര മണ്ഡലത്തിൽനിന്നും കൊച്ചി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1949, 1952, 1954 വർഷങ്ങളിൽ തിരു-കൊച്ചി നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഐക്യകേരളത്തിലെ ആദ്യനിയമസഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട അദ്ദേഹം 1967 മുതൽ 1991 വരെ തുടർച്ചയായി ഏഴുതവണ മാള നിയമസഭാമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലെത്തി. കൊച്ചി, തിരുകൊച്ചി, കേരള നിയമസഭ, പാർലമെന്റിന്റെ ഇരുസഭകൾ എന്നിവിടങ്ങളിൽ അംഗമായ ഏക വ്യക്തി എന്ന ബഹുമതിക്ക് കരുണാകരൻ ഉടമയാണ്. 1971-ൽ സി. അച്യുതമേനോൻ മന്ത്രിസഭയിൽ ആഭ്യന്തരമന്ത്രിയായിരുന്നു. 1977-ൽ ആദ്യമായി മുഖ്യമന്ത്രിയായ അദ്ദേഹം 1981-ലും 1982-ലും 1991-ലും മുഖ്യമന്ത്രിയായിരുന്നു. ഏറ്റവും കൂടുതൽ തവണ കേരള മുഖ്യമന്ത്രിയായിരുന്നു കെ. കരുണാകരൻ. 1967-69, 1980-81, 1987-91 കാലയളവുകളിൽ നിയമസഭയിലെ പ്രതിപക്ഷ നേതാവുമായിരുന്നു. 1995-1997, 1997-98, 2004-05 കാലയളവിൽ രാജ്യസഭാംഗമായിരുന്ന അദ്ദേഹം 1995-ൽ കേന്ദ്രവ്യവസായ വകുപ്പുമന്ത്രിയായിരുന്നു. 1998-ൽ തിരുവനന്തപുരത്തുനിന്നും 1999-ൽ മുകുന്ദപുരത്തുനിന്നും അദ്ദേഹം ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനത്തെ ഏറ്റവും ജനകീയരായ നേതാക്കളിലും ഭരണാധികാരികളിലും ഒരാളായിരുന്നു കരുണാകരൻ. ഒരു പുരുഷായുസ്സ് മുഴുവൻ തന്റെ പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ച അദ്ദേഹത്തിന്റെ രാഷ്ട്രീയശൈലി അദ്ദേഹത്തിനുമാത്രം അവകാശപ്പെട്ടതാണ്. ഭരണാധികാരിയെന്ന നിലയിൽ അദ്ദേഹം കേരളത്തിനും രാജ്യത്തിനും നൽകിയ സേവനങ്ങൾ എക്കാലവും ഓർമ്മിക്കപ്പെടും. ഒരു കാലഘട്ടത്തെ സമഗ്രമായി സ്വാധീനിച്ച അദ്ദേഹത്തിന്റെ ഭൗതികസാന്നിദ്ധ്യം ഇല്ലാതായിരിക്കുന്നു. ചടുലവും സജീവവുമായി കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന കെ. കരുണാകരന്റെ നിര്യാണം നമ്മുടെ രാജ്യത്തിന്റെ വിശിഷ്യാ കേരളത്തിന്റെ എക്കാലത്തെയും നഷ്ടമാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, കേരളം ഇന്ത്യയ്ക്ക് സംഭാവന നൽകിയിട്ടുള്ള ദേശീയ നേതാക്കന്മാരിൽ ഒരാളാണ് കെ. കരുണാകരന്റെ വിയോഗത്തോടുകൂടി നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാനും പങ്ക് ചേരുകയാണ്. കേരള രാഷ്ട്രീയത്തിൽ അദ്ദേഹം നൽകിയിട്ടുള്ള സംഭാവന എന്നും വിലമതിക്കുന്നതാണ്. സ്വാതന്ത്ര്യ സമരസേനാനി എന്നുള്ള നിലയിൽ ദേശീയ സമരത്തിൽ പങ്കെടുത്തുകൊണ്ട് രംഗത്തു വന്ന കെ. കരുണാകരൻ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധ പുലർത്തുകയും ഐ.എൻ.ടി.യു.സി.യുടെ പ്രധാന സംഘാടകനായും നേതാവായും വളർന്നുവരുകയും ചെയ്തു. പിന്നീട് രാഷ്ട്രീയ നേതൃതലത്തിലേക്ക് ഉയർന്നുവന്ന് കോൺഗ്രസിന്റെ ഉന്നതമായ പദവികളിലേക്ക് എത്തുവാനും അദ്ദേഹത്തിന് സാധിച്ചു. ഇതോടൊപ്പം പാർലമെന്ററി പ്രവർത്തനരംഗത്ത് വിവിധ തലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിച്ച് ശ്രദ്ധേയമായ സംഭാവനകൾ നൽകുവാൻ കെ. കരുണാകരന് സാധിച്ചിട്ടുണ്ട്. അങ്ങ് ഇവിടെ പ്രകടിപ്പിച്ചതുപോലെ നഗരസഭാ കൗൺസിലർ, നിയമസഭാ സാമാജികൻ, ലോകസഭാംഗം, രാജ്യസഭാംഗം തുടങ്ങിയ നിലകളിലെല്ലാം ശ്രദ്ധേയമായ പങ്ക് അദ്ദേഹത്തിന് വഹിക്കാൻ സാധിച്ചു. കേരളത്തിൽ ദീർഘകാലം ആഭ്യന്തരമന്ത്രിയായി പ്രവർത്തിച്ചത് കെ. കരുണാകരനാണ്. കേരളത്തിൽ ദീർഘകാലം മുഖ്യമന്ത്രിയായിരുന്ന രണ്ടാമത്തെ സ്ഥാനം അലങ്കരിച്ച നേതാവാണ് കെ. കരുണാകരൻ. അദ്ദേഹത്തെക്കുറിച്ച് വ്യക്തിപരമായുള്ള ഓർമ്മകൾ നമുക്കെല്ലാം തന്നെയുണ്ടാകും. നിയമസഭാ സാമാജികന്മാരായ ആളുകൾക്കും സാമാജികന്മാരല്ലാത്ത ആളുകൾക്കുമെല്ലാം കെ. കരുണാകരനെക്കുറിച്ച് ഒരുപാട് ഓർമ്മകൾ അയവിറക്കാനുണ്ടാകും. സി.പി.ഐ(എം)-നെ സംബന്ധിച്ചിടത്തോളം, അദ്ദേഹം ഒരു കടുത്ത മാർക്സിസ്റ്റ് വിരുദ്ധ നിലപാട് സ്വീകരിച്ചുകൊണ്ട് കേരള രാഷ്ട്രീയത്തിൽ പ്രവർത്തിച്ച ഒരു നേതാവായിരുന്നു. എന്നാൽ ആ സന്ദർഭങ്ങളിലെല്ലാം വ്യക്തിപരമായ ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും തന്റെ എതിർ ചേരിയിലുള്ള ആരെപ്പോലും അദ്ദേഹത്തിന്റെ ആരാധകരാക്കി മാറ്റുവാനുമുള്ള അനിതര സാധാരണമായ ഒരു കഴിവ് കെ. കരുണാകരന് ഉണ്ടായിരുന്നു. അത് അദ്ദേഹത്തിന് അവകാശപ്പെട്ട ഒരു പ്രത്യേകതയാണ് എന്ന് എനിക്ക് തോന്നുന്നു. കേരള രാഷ്ട്രീയത്തിൽ അദ്ദേഹത്തിന് എതിരായി വ്യക്തിപരമായിതന്നെ കടുത്ത ശത്രുതാനിലപാട് സ്വീകരിച്ച പലരെയും പിന്നീട് അദ്ദേഹത്തിന്റെ കൂടെ നിർത്തുവാൻ, അദ്ദേഹത്തിന്റെ മുന്നണിയിൽ കൊണ്ടുവരുവാൻ അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ള നേതൃപാടവം വിട്ടുവീഴ്ചാമനോഭാവം അദ്ദേഹത്തിന്റെ പ്രവർത്തനം പരിശോധിക്കുന്നവർ പ്രത്യേകമായി വിലയിരുത്തേണ്ടുന്ന ഒരു കാര്യമാണ് എന്ന് എനിക്ക് തോന്നുന്നു. കേരളീയ സമൂഹത്തിൽ മതത്തിനുള്ള സ്വാധീനം, ജാതിബോധം, വിശ്വാസം ഇതിനെ എങ്ങനെ രാഷ്ട്രീയത്തിൽ പ്രയോഗിക്കാം എന്ന് പ്രായോഗികമായി അദ്ദേഹം നിരവധി പ്രവർത്തനങ്ങളിൽക്കൂടി തെളിയിച്ചിട്ടുള്ള ഒരു കാര്യമാണ്. കേരള രാഷ്ട്രീയത്തിൽ ഒരുകാലത്ത് തകർന്ന് കിടന്നിരുന്ന കോൺഗ്രസിനെ പുനഃരുജ്ജീവിപ്പിച്ച് കേരളത്തിന്റെ ഭരണാധികാരത്തിലേക്ക് കൊണ്ടുവരാൻ അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ള നേതൃപാടവവും സംഘടനാശൈലിയും രാഷ്ട്രീയ വിദ്യാർത്ഥികൾ പ്രത്യേകമായി വിലയിരുത്തേണ്ടുന്ന ഒരു കാര്യമാണ്. കേരളത്തിന്റെ വികസനത്തിൽ അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ള താല്പര്യം നാം പ്രത്യേകമായി പരിശോധിക്കപ്പെടേണ്ടതാണ്. ഒരു വികസിത സംസ്ഥാനമായി കേരളത്തെ മാറ്റണം എന്ന ആഗ്രഹം അദ്ദേഹം എല്ലാ സന്ദർഭങ്ങളിലും പ്രകടിപ്പിച്ചിട്ടുണ്ട്. അതിന് ഒരുപിടി മാതൃകകൾ അദ്ദേഹം സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ പരക്കെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന നെടുമ്പാശ്ശേരി വിമാനത്താവളം ഉൾപ്പെടെയുള്ള ഒട്ടനവധി കേരളത്തിന്റെ വികസന പദ്ധതികൾക്ക് നേതൃത്വം കൊടുക്കാൻ അദ്ദേഹത്തിന് സാധിച്ചു. ഇന്ന് നമ്മുടെ മുമ്പിൽ തുറന്നുകിടക്കുന്ന ഒട്ടനവധി പദ്ധതികൾക്ക് നേതൃത്വം കൊടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ വികസിത സംസ്ഥാനങ്ങളെപ്പോലെ ഉയർത്തിക്കൊണ്ടുവരണമെന്നൊരു കാഴ്ചപ്പാട് അദ്ദേഹം ഭരണാധികാ

LIBRARY ARCHIVES Kerala Legislative Assembly

രിയായ സന്ദർഭത്തിലും അല്ലാത്ത കാലത്തും പ്രകടിപ്പിച്ചു എന്നതാണ് വസ്തുത. അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ ഒരു ഘട്ടത്തിൽ ഞങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുന്ന ഒരു അനുഭവംകൂടി ഉണ്ടായി എന്ന കാര്യം ഈ സന്ദർഭത്തിൽ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രത്യേകമായ കാഴ്ചപ്പാടുകളുടെയും വീക്ഷണങ്ങളുടെയും ഫലമായി നിരവധി നടപടികൾ അദ്ദേഹം കേരള രാഷ്ട്രീയത്തിലും ഭരണ രംഗത്തും സ്വീകരിച്ചിട്ടുണ്ട്. ഇന്ന് അദ്ദേഹം നമ്മുടെ മുന്നിൽ ഒരു ഓർമ്മയായി മാറി. കേരളം നൽകിയിട്ടുള്ള പ്രധാനപ്പെട്ട ദേശീയ നേതാക്കന്മാരിൽ ഒരാളായ കെ. കരുണാകരന്റെ വിയോഗത്തിൽ അഗാധമായ അനുശോചനം സി.പി.ഐ.(എം)-നുവേണ്ടി പ്രകടിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, കെ. കരുണാകരനെക്കുറിച്ച് അങ്ങും ആഭ്യന്തരവകുപ്പുമന്ത്രി, ശ്രീ. കോടിയേരി ബാലകൃഷ്ണനും പറഞ്ഞ വികാരങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അറുപത് വർഷക്കാലം, അതിലേറെക്കാലം കേരള രാഷ്ട്രീയത്തിൽ ജ്വലിച്ചുനിന്ന കെ. കരുണാകരൻ ഇന്ന് ഒരു ഓർമ്മയായി മാറിയിരിക്കുകയാണ്. കേരളത്തിലെ നാല് ദിനപ്പത്രങ്ങളും വിവിധ ചാനലുകളും കൊടുത്ത ഹെഡ്ഡിംഗ് "യുഗാന്ത്യം" എന്നാണ്. അക്ഷരാർത്ഥത്തിൽ ഒരു യുഗത്തിന്റെ അന്ത്യം തന്നെയായിരുന്നു കെ. കരുണാകരന്റെ മരണത്തോടുകൂടി സംഭവിച്ചിരിക്കുന്നത്. ലീഡർ പദവി കെ. കരുണാകരന് മാത്രമുള്ളതാണ്. നേതാക്കൾ പലരുമുണ്ട്. പക്ഷേ ലീഡർ എന്ന പദവി അദ്ദേഹത്തിനു മാത്രമായി ഉള്ളതാണ്. ശത്രുക്കളും മിത്രങ്ങളും ഒരുപോലെ സ്നേഹിച്ച, ആദരിച്ച ഒരു നേതാവായിരുന്നു കെ. കരുണാകരൻ. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ രണ്ടുകാര്യങ്ങൾ, ഒന്ന് അദ്ദേഹത്തിന്റെ പ്രായോഗിക രംഗത്തെ വൈദഗ്ദ്ധ്യം രണ്ട്, പ്രതിസന്ധികളിൽ തളരാതെ പ്രവർത്തിക്കാനുള്ള തന്റേടം. കെ. കരുണാകരന്റെ പൊതുജീവിതത്തിൽ അത് രാഷ്ട്രീയരംഗത്താണെങ്കിലും ഭരണരംഗത്താണെങ്കിലും വ്യക്തമായി നമുക്ക് കാണാൻ സാധിക്കും. പ്രായോഗിക രാഷ്ട്രീയത്തിന്റെ ഒരു വിജയിയായിരുന്നു അദ്ദേഹം. അതുപോലെതന്നെ ഏത് പ്രതിസന്ധികളേയും നേരിടുന്നതിന് അദ്ദേഹം കാട്ടിയിട്ടുള്ള അസാമാന്യമായ തന്റേടം, 1969-ൽ 9 അംഗ കോൺഗ്രസ് നിയമസഭാ കക്ഷിയുടെ നേതാവായ കെ. കരുണാകരൻ പിന്നീട് നാൽപത് വർഷക്കാലം കെ. കരുണാകരനാകുന്ന അച്ചുതണ്ടിനെ ചുറ്റിപ്പറ്റിയാണ് കേരള രാഷ്ട്രീയം മുൻപോട്ട് നീങ്ങിയത്. കെ. കരുണാകരന്റെ ഭരണരംഗത്തെ ഏറ്റവും വലിയ ഭരണനേട്ടമായി ഞാൻ കാണുന്നത് കേരളത്തെ ഗ്രീൻ നക്സൈറ്റ് സ്റ്റേറ്റാക്കി മാറ്റി എന്നുള്ളതാണ്. നക്സൽ ഭീഷണിയിൽനിന്ന് ഈ സംസ്ഥാനത്തെ രക്ഷിച്ചു എന്നുള്ളതാണ്. 1960-കളുടെ അവസാനം പശ്ചിമബംഗാളിലും കേരളത്തിലും ഉയർന്ന നക്സൽ ഭീഷണിക്കെതിരെ 1971-ൽ ആഭ്യന്തരമന്ത്രിയായ കെ. കരുണാകരൻ പോലീസിനെ വിശ്വാസത്തിൽ എടുത്തുകൊണ്ട് ജനപിൻതുണയോടുകൂടിയാണ് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചത്. പശ്ചിമബംഗാളിനു ശേഷം മറ്റ് പല സംസ്ഥാനങ്ങൾകൂടി നക്സൽ ഭീഷണിയിൽ വഴുതി വീണ

LIBRARY ARCHIVES Kerala Legislative Assembly

പ്പോഴും നമ്മൾ അതിൽനിന്നും മോചനം നേടി എന്നുള്ളതാണ്. നമുക്ക് സമാധാനപരമായി സൈരമായി ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിച്ചു എന്നുള്ളതിൽ കെ. കരുണാകരനെ എത്ര കാലം കഴിഞ്ഞാലും നമുക്ക് മറക്കാനാകില്ല. വികസന രംഗത്ത്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. അദ്ദേഹത്തിന്റെ പ്രായോഗികമായിട്ടുള്ള സമീപനം, വികസന രംഗത്ത് നമുക്ക് നേടിത്തന്നിട്ടുള്ള നേട്ടങ്ങൾ വളരെ വലുതാണ്. സ്വാതന്ത്ര്യാനന്തര കേരളത്തിൽ വികസന രംഗത്ത് നമുക്ക് നഷ്ടങ്ങളുടെ കഥയേയുള്ളൂ. അതിൽനിന്നും വ്യത്യസ്തമായ ഒരു ചരിത്രം രചിച്ചത് കെ. കരുണാകരനാണ്. നെടുമ്പാശ്ശേരി എയർപോർട്ട്, ഗോശ്രീ, കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം അടക്കം നിരവധി പദ്ധതികൾ, ഇതെല്ലാം സ്വർണ്ണത്തളികയിൽവച്ച് അദ്ദേഹത്തിന് കൊടുത്തതല്ല. എതിർപ്പുകളേയും പ്രതിസന്ധികളേയും അതിജീവിച്ചുകൊണ്ട് അദ്ദേഹം നേടിയ വിജയമാണ്. അദ്ദേഹം നമുക്കൊരു മാതൃകകാട്ടി. ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന ഒരു പദ്ധതി ഗവൺമെന്റിന് ഇച്ഛാശക്തിയുണ്ടെങ്കിൽ നടപ്പിലാക്കാം എന്ന് കാണിച്ചു. നെടുമ്പാശ്ശേരി എയർപോർട്ടിനെ ഞാൻ വെറുമൊരു എയർപോർട്ടായിട്ടല്ല കാണുന്നത്. മറിച്ച് കേരളത്തിന് ആത്മവിശ്വാസം പകരുന്ന, വികസന രംഗത്ത് പ്രവർത്തിച്ചാൽ നേട്ടങ്ങൾ ഉണ്ടാക്കാമെന്ന് നമുക്ക് ആത്മവിശ്വാസം നൽകുന്ന ഒന്നായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. കണ്ണൂർ എയർപോർട്ടിന്റെ കാര്യത്തിലും നമ്മൾ ഇറങ്ങിത്തിരിച്ചാൽ വിജയിക്കാമെന്ന് നമുക്ക് ഒരു ആത്മവിശ്വാസം ഉണ്ട്. കരുണാകരൻ വികസന രംഗത്ത് നമുക്കൊരു മാർഗ്ഗദർശി തന്നെയായിരുന്നു. പ്രായോഗിക രാഷ്ട്രീയം, ഭരണരംഗത്തെ അദ്ദേഹത്തിന്റെ വിദഗ്ദ്ധമായിട്ടുള്ള നീക്കങ്ങൾ നമുക്ക് തുടർന്നും ആത്മവിശ്വാസം നൽകുമെന്നതിൽ യാതൊരു സംശയവുമില്ല. ഈ സംസ്ഥാനത്ത് നാലുപ്രാവശ്യം മുഖ്യമന്ത്രിയായി. എല്ലാ രംഗങ്ങളിലും സേവിച്ച അദ്ദേഹത്തിന്റെ അന്ത്യത്തിൽ ഏറ്റവും നല്ല ഒരു വിടവാങ്ങലാണ് കേരളം നൽകിയത്. സംസ്ഥാന ഗവൺമെന്റ് അക്കാര്യത്തിൽ ചെയ്ത എല്ലാ കാര്യങ്ങൾക്കും കോൺഗ്രസ് പാർട്ടിക്കുവേണ്ടി നന്ദി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഗവൺമെന്റ് എല്ലാ വിധത്തിലുമുള്ള അംഗീകാരവും നൽകുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അത് ഞങ്ങൾ കൃതജ്ഞതയോടുകൂടി എടുത്തുപറയാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്. പ്രധാനമന്ത്രിയുടേയും കോൺഗ്രസ് അദ്ധ്യക്ഷയുടേയും സാന്നിധ്യം ദേശീയ തലത്തിൽത്തന്നെ അദ്ദേഹത്തിന് ഏറ്റവും മികച്ച ആദരാഞ്ജലി നൽകുന്നതിന് സഹായിച്ചു. അതും ഒരു വലിയ അംഗീകാരമായി ഞങ്ങൾ കാണുകയാണ്. പക്ഷേ കെ. കരുണാകരന് ഇതിനേക്കാൾ ഒക്കെ വലിയ ആദരാഞ്ജലി എന്നുപറയാവുന്നത്, അനന്തപുരി ആശുപത്രി മുതൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന പൂക്കുന്നത് മുരളീ ഭവനം വരെയുള്ള ജനവികാരങ്ങൾ നൽകിയ ആദരാഞ്ജലിയാണ്. അത് എനിക്ക് നേരിട്ട് കാണാൻ സാധിച്ചു. അതിനകത്ത് ജാതിയില്ല, മതമില്ല, രാഷ്ട്രീയമില്ല. എല്ലാവരും അവരുടെ പ്രിയപ്പെട്ട നേതാവിനെ കാണുന്നതിന് തടിച്ചുകൂടി. അവർ മണിക്കൂറുകൾ കാത്തിരുന്നു. പ്രിയപ്പെട്ട നേതാവിനെ

LIBRARY ARCHIVES Kerala Legislative Assembly

കാണാൻ ഒരു രാത്രിമുഴുവൻ കാത്തിരുന്ന ജനങ്ങളുടെ ആദരാഞ്ജലിയാണ് കെ. കരുണാകരന്റെ ഏറ്റവും വലിയ അംഗീകാരമായി ഞാൻ കാണുന്നത്. പ്രവർത്തകരെ അംഗീകരിച്ചും പ്രായോഗികമായ രാഷ്ട്രീയ ബുദ്ധി ഉപയോഗിച്ചും അദ്ദേഹം നടത്തിയിട്ടുള്ള വലിയ വിജയങ്ങൾ നമുക്കെന്നും മാതൃകയാകുമെന്നതിൽ സംശയമില്ല. എന്നും ഗാന്ധിയൻ തത്വങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ട് പ്രവർത്തിച്ച ആ സ്വാതന്ത്ര്യ സമര സേനാനിയെ നമുക്ക് നഷ്ടപ്പെട്ടു. ആ തീരാനഷ്ടം നമുക്ക് നികത്താൻ ഇനി എത്ര നാളുകൾ കാത്തിരുന്നാലും സാധിക്കുമെന്ന് തോന്നുന്നില്ല. അദ്ദേഹത്തിന്റെ മാതൃക അദ്ദേഹം നമുക്ക് ബാക്കിവച്ചിട്ടുള്ള ആത്മവിശ്വാസം പകരുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ ശക്തി നൽകട്ടെ എന്ന് നമുക്ക് ആശിക്കാം. ആ സ്മരണയ്ക്കു മുന്നിൽ എന്റേയും എന്റെ പാർട്ടിയുടേയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, കെ. കരുണാകരനെ സംബന്ധിച്ച് അങ്ങും ആഭ്യന്തരവകുപ്പുമന്ത്രിയും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. തൊഴിലാളി പ്രവർത്തകൻ, സ്വാതന്ത്ര്യസമര സേനാനി, പ്രഗത്ഭനായ നിയമസഭാംഗം, ഉറച്ച ഭരണാധികാരി എന്നീ നിലകളിലെല്ലാംതന്നെ കേരളത്തിന് വലിയ സംഭാവന ചെയ്ത ഒരു നേതാവായിരുന്നു കെ. കരുണാകരൻ. അദ്ദേഹത്തിന്റെ വിയോഗം ഏറ്റവും വലിയ നഷ്ടമാണ് കേരളത്തിന് ഉണ്ടാക്കിയിട്ടുള്ളതെന്നുള്ള കാര്യത്തിൽ സംശയമില്ല. 1960-കളോടുകൂടി കോൺഗ്രസ്സ് പാർട്ടി കെട്ടിപ്പടുക്കുന്നതിൽ അദ്ദേഹം വലിയ സംഭാവനയാണ് നൽകിയത്. അതിനെ തുടർന്ന് മികച്ച ഭരണാധികാരിയായി. തുടർച്ചയായി അദ്ദേഹം കേരളത്തിൽ സേവനം നടത്തി. അതുപോലെതന്നെ അദ്ദേഹത്തിന്റെ വിവിധ രംഗത്തെ പ്രവർത്തനങ്ങളിൽ എടുത്തുപറയത്തക്ക രീതിയിലുള്ള ഒട്ടേറെ കാര്യങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്. കേരളത്തിന്റെ വികസനത്തിനും കോൺഗ്രസ്സ് പാർട്ടിയുടെ രാഷ്ട്രീയ നയസമീപനങ്ങളിലും വളരെ തന്ത്രപരമായിട്ടുള്ള, സമർത്ഥമായിട്ടുള്ള നിലയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലും അദ്ദേഹം ഏറ്റവും ഗണനീയമായ പങ്കാണ് വഹിച്ചിട്ടുള്ളത്. ആ നിലയിലെല്ലാംതന്നെ ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു നേതാവായിരുന്നു. കക്ഷി പരിഗണനകൾക്കതീതമായി ജനങ്ങളെല്ലാംതന്നെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന ഒരു നേതാവായിരുന്നു അദ്ദേഹമെന്നുള്ള കാര്യത്തിൽ സംശയമില്ല. അദ്ദേഹത്തിന്റെ നഷ്ടത്തിൽ നാമെല്ലാം ദു:ഖിക്കുകയാണ്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരുടേയും ദു:ഖത്തിൽ ഞങ്ങളെല്ലാം ഭാഗഭാക്കാകുകയാണ്, അനുശോചനം രേഖപ്പെടുത്തുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പുമന്ത്രിയും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

വികാരങ്ങളോട് പൂർണ്ണമായി ഞാനും എന്റെ പാർട്ടിയും യോജിക്കുകയാണ്. കരുണാകരനെപ്പോലെ പ്രഗത്ഭനായ ഒരു രാഷ്ട്രീയ നേതാവിനെ വളരെ അകലെനിന്ന് കണ്ടിട്ടുള്ള തലമുറയിലെ ഒരാളാണ് ഞാൻ. അദ്ദേഹം അച്യുതമേനോൻ മന്ത്രിസഭയിലെ മന്ത്രിയായിരുന്ന സന്ദർഭത്തിലാണ് എന്റെ പാർട്ടിക്കാർ അദ്ദേഹവുമായി ഇടപെടുന്നത്. ആരാണ് എന്ന് നോക്കാതെ, വിഷയത്തിൽ മാത്രം നോക്കുന്ന, അതിലിടപെടുന്ന ഒരു വലിയ മനസ്സിന്റെ ഉടമയായിരുന്നു അദ്ദേഹം. നിവേദനവുമായി വരുന്നത് പ്രമാണിമാരാണോ സാധാരണക്കാരാണോ എന്നുള്ള യാതൊരു വിവേചനവുമില്ലാതെ പരാതിക്കാരന്റെ പരാതി കേൾക്കാൻ കാതോർത്തിരുന്ന ഒരു നേതാവായിരുന്നു അദ്ദേഹം. രാഷ്ട്രീയമായ വിലക്കുകളൊന്നും അദ്ദേഹത്തിന് ബാധകമായിരുന്നില്ല. തന്റെ പാർട്ടിയെ മാത്രമേ സഹായിക്കാവൂ, എത്ര ന്യായമാണെങ്കിലും അന്യപാർട്ടിക്കാരെ സഹായിക്കാൻ പാടില്ല എന്ന് രാഷ്ട്രീയമായ യാതൊരു സങ്കുചിത ചിന്തയുമില്ലാത്ത അപൂർവ്വം നേതാക്കളിലൊരാളായിരുന്നു ഞങ്ങളുടെയെല്ലാം അനുഭവത്തിൽ, അദ്ദേഹം. കേരളത്തിൽ സംഘർഷം നിറഞ്ഞുനിന്നിരുന്ന, പ്രക്ഷുബ്ധമായ രാഷ്ട്രീയ രംഗങ്ങളിൽ ഇത്ര ധീരമായി ഇടപെട്ട് കേരളത്തിന്റെ രാഷ്ട്രീയ അനിശ്ചിതത്വത്തിൽനിന്ന് കേരളത്തെ പലപ്പോഴും കൈകൊടുത്ത് ഉയർത്തിയിട്ടുള്ള കെ. കരുണാകരന് കമ്മ്യൂണിസ്റ്റുകാരും കോൺഗ്രസ്സുകാരുമായി യോജിക്കാമോ, അതിന് പരിധിയുണ്ട്. അതൊന്നും അന്ന് പ്രശ്നമായിരുന്നില്ല. കേരളത്തിൽ ആവശ്യം ഒരു ഗവൺമെന്റായിരുന്നു. ഒരു ഉത്തരവാദപ്പെട്ട ഗവൺമെന്റ്. അതിലൊക്കെ ധീരമായ നിലപാടെടുത്തു. പിൽക്കാലങ്ങളിൽ ദേശീയ നിലവാരത്തിലും കേരളത്തിലും ഐക്യമുന്നണികളുടെ സമവായം തുടങ്ങിയത് കേരളത്തിലായിരുന്നു. ഇൻഡ്യൻ രാഷ്ട്രീയത്തിൽ കരുണാകരന്റെ നേതൃത്വത്തിൽ ആരംഭിച്ച രാഷ്ട്രീയ സമവായത്തെ ഇനി ആർക്കും തടുക്കാനാവില്ല. ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ രാഷ്ട്രീയ രംഗത്ത് പെരുതും വലുതുമായ കക്ഷികൾ യോജിച്ചുകൊണ്ടുള്ള ജനകീയ മുന്നേറ്റമാണ് ഇന്ന് എല്ലായിടത്തും കാണുന്നത്. ആ അന്വേഷണത്തിലും നമ്മൾ ചെന്നുനിൽക്കുന്നത് കരുണാകരന്റെ മുമ്പിലാണ്. അദ്ദേഹം ഒരു ഭരണാധികാരി എന്നുള്ളതിൽ കവിഞ്ഞ് ഏറ്റവും ശക്തനായ ജനങ്ങളുടെ നേതാവായിരുന്നു. ആടയാഭരണങ്ങളില്ലെങ്കിലും അധികാരങ്ങളില്ലെങ്കിലും ഒരു നേതാവിനെ കേരളം എങ്ങനെ സ്വീകരിക്കുമെന്നുള്ളതിന്റെ വാചാലമായ തെളിവായിരുന്നു കഴിഞ്ഞ ദിവസങ്ങളിൽ നമ്മൾ കണ്ടത്. അദ്ദേഹം വിടപറയുമ്പോൾ അദ്ദേഹം ആരുമായിരുന്നില്ല. അദ്ദേഹത്തിന്റെ കൈവശം അധികാരങ്ങളൊന്നുമില്ലായിരുന്നു, യാതൊന്നുമില്ലായിരുന്നു. സാധാരണ ഒരു രാഷ്ട്രീയ പ്രവർത്തകനെപ്പോലെ ജീവിതാവസാനം. ഇപ്പോഴാണ് നമ്മൾ അറിയുന്നത് ഇത്രയും ആഴമേറിയ വേരുകൾ ഈ കേരള സമൂഹത്തിൽ കരുണാകരന് ഉണ്ടായിരുന്നുവെന്നത്. അദ്ദേഹത്തിന്റെ നഷ്ടം സമാനതകളില്ലാത്ത നഷ്ടമാണ്, കോൺഗ്രസ്സിന് മാത്രമല്ല, കേരള രാഷ്ട്രീയത്തിനുതന്നെ. നിർണ്ണായക സന്ദർഭങ്ങളിൽ ഒരു രാജ്യത്തിന്റെ രാഷ്ട്രീയരംഗത്ത് ധീരമായി ഇടപെടുന്നവനാണ് രാഷ്ട്രീയ നേതാവെങ്കിൽ അതൊരുപക്ഷേ കരുണാകരന് മാത്രമായിട്ടുള്ള ഒരു അംഗീകാ

LIBRARY ARCHIVES Kerala Legislative Assembly

രമാണ്. അദ്ദേഹത്തിന്റെ വിയോഗത്തിൽ ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരത്തോടും ഞാൻ പൂർണ്ണമായി യോജിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബത്തോടും ദു:ഖം രേഖപ്പെടുത്തുന്നു. ഈ സഭയിലെ എല്ലാവരും അദ്ദേഹത്തിന്റെ യാത്രയിൽ പങ്കെടുത്തവരാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആർക്കും മാറിനിൽക്കാൻ കഴിയില്ല. എല്ലാവരേയും തൊട്ടുരുമ്മിയിട്ടാണ് അദ്ദേഹം യാത്ര പറഞ്ഞത്. തീർച്ചയായും ആ ദു:ഖത്തിനു മുന്നിൽ ഞാൻ നമ്രശിരസ്കനായി നിൽക്കുന്നു.

ശ്രീ. കെ. എം. മാണി : സർ, പതിറ്റാണ്ടുകൾ ഈ നിയമസഭയെ കോരിത്തരിപ്പിക്കുകയും പിടിച്ചടക്കുകയും ചെയ്ത കരുണാകരന്റെ ശബ്ദം നിലച്ചു. ഇവിടെ സൂചിപ്പിച്ചതുപോലെ കരുണാകരയുഗത്തിന് തിരശ്ശീല വീഴ്ത്തിക്കൊണ്ടാണ് അദ്ദേഹം നമ്മോട് യാത്ര പറഞ്ഞത്. ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും എന്റെയും എന്റെ പാർട്ടിയുടേയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു. ഞങ്ങൾ തമ്മിൽ ഇണങ്ങിയും പിണങ്ങിയും നാല് പതിറ്റാണ്ടുകളിലേറെയായുള്ള ആത്മബന്ധമായിരുന്നു ഉണ്ടായിരുന്നത്. അച്യുതമേനോൻ മന്ത്രിസഭയിൽ ഞങ്ങൾ സഹമന്ത്രിമാരായിരുന്നു. അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന നാല് കാബിനറ്റിൽ ഞാൻ മന്ത്രിയായിരുന്നു. ഞാൻ ഓർക്കുകയാണ്, 1967-ൽ 117 അംഗങ്ങളുടെ പിന്തുണയോടുകൂടി ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്നപ്പോൾ ഒമ്പത് അംഗങ്ങളുടെ നേതാവായി, പ്രതിപക്ഷ നേതാവായി കരുണാകരനും അഞ്ച് അംഗങ്ങളുടെ പിന്തുണയോടുകൂടി കെ. എം. ജോർജും നയിച്ച പ്രതിപക്ഷത്തിലെ ഒരംഗമായിരുന്നു ഞാനും. കരുണാകരന്റെ കൗശലതയും രാഷ്ട്രീയ തന്ത്രജ്ഞതയും നേരിട്ടു മനസ്സിലാക്കാൻ കഴിഞ്ഞത് ആ കാലഘട്ടത്തിലാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ വളരെ ശോഷിച്ചുനിന്ന പ്രതിപക്ഷത്തിന്റെ ആ കാലഘട്ടത്തിൽനിന്ന് കോൺഗ്രസ്സ് പാർട്ടിയേയും ഐക്യ ജനാധിപത്യ മുന്നണിയേയും അധികാരത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞ ഏറ്റവും വലിയ യജ്ഞമാണ് അദ്ദേഹം നടത്തിക്കൊണ്ടിരുന്നത്. കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണി പ്രസ്ഥാനത്തിന്റെ ശില്പിയായിരുന്നു കരുണാകരൻ എന്നു ഞാൻ പറയട്ടെ. ഒരുപാട് കാലഘട്ടം മന്ത്രിസഭയിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിരുന്ന ഞാൻ മന്ത്രിയായിരുന്ന മന്ത്രിസഭയിലെ ഒരു കാര്യം ഓർക്കുകയാണ്. പല മന്ത്രിമാരും മുഖ്യമന്ത്രിമാരുമൊക്കെ ഫയലുകൾ ആഴത്തിൽ പഠിച്ചുകൊണ്ടാണ് കാബിനറ്റ് അജൻഡ തയ്യാറാക്കിക്കൊണ്ടുവരുന്നത് കണ്ടിട്ടുള്ളത്. പക്ഷേ കരുണാകരനെ സംബന്ധിച്ചിടത്തോളം ആഴത്തിൽ അജൻഡകളൊന്നും നോക്കാതെതന്നെ അദ്ദേഹം വന്നിരിക്കും ചീഫ് സെക്രട്ടറി വിഷയം അവതരിപ്പിക്കും വകുപ്പുമന്ത്രിമാർ വിശദീകരിക്കും ചർച്ചകൾ നടക്കും. അവസാനം കരുണാകരൻ ഓരോ അജൻഡയും ഉപസംഹരിക്കുന്നത് കാണുമ്പോൾ അസൂയ തോന്നിപ്പോയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രായോഗിക വിജ്ഞാനം, അസാമാന്യമായ കോമൺസെൻസ് അതാണ് അദ്ദേഹത്തെ നയിച്ചിരുന്നത്. കേരള രാഷ്ട്രീയത്തിൽ ആർക്കും തോൽപ്പിക്കാൻ കഴിയാത്ത ഒരു നേതാവായിരുന്നു അദ്ദേഹം. ഏത് സാഹചര്യത്തേയും

LIBRARY ARCHIVES Kerala Legislative Assembly

അക്ഷോഭ്യനായി നിന്ന് പുഞ്ചിരിയോടുകൂടി ശുഭാപ്തിവിശ്വാസത്തോടുകൂടി നേരിടാൻ കഴിയുന്ന ഒരാളായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ചില പ്രയോഗങ്ങൾ ഉറക്കം കെടുത്തിയിരുന്ന നാളുകളുണ്ട്. എനിക്ക് വലിയ മനോവേദനയുണ്ടായ ഒരു സന്ദർഭമുണ്ടായിട്ടുണ്ട്. ഞാൻ അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ ധനകാര്യമന്ത്രിയായിരുന്നുകൊണ്ട് 166 കോടി രൂപയുടെ മിച്ച ബഡ്ജറ്റ് അവതരിപ്പിച്ചു. കേന്ദ്രമന്ത്രി പൂജാരി അറിയാതെ ഒരു തെറ്റ് ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം പാർലമെന്റിൽ പ്രഖ്യാപിച്ചു. ഇതുകഴിഞ്ഞപ്പോൾ പത്രക്കാർ എറണാകുളം ഗസ്റ്റ്ഹൗസിൽവച്ച് കരുണാകരനോട് ചോദിച്ചു, അങ്ങയുടെ ബഡ്ജറ്റ് കമ്മിയാണോ, മിച്ചമാണോ എന്ന്. ഒരു മുഖ്യമന്ത്രി, അദ്ദേഹത്തിന്റെ ബഡ്ജറ്റ്,-അദ്ദേഹത്തിനുവേണ്ടി അവതരിപ്പിച്ച ബഡ്ജറ്റ്, കമ്മിയുമാകാം മിച്ചവുമാകാം എന്നു പറഞ്ഞു. രണ്ടാഴ്ചക്കാലം എനിക്ക് സത്യംപറഞ്ഞാൽ ഉറക്കമില്ലായിരുന്നു. കേരളം മുഴുവൻ എനിക്കെതിരായി തിരിഞ്ഞു. നിയമസഭ തിരിഞ്ഞു. അവസാനം ഞാൻ റിസർവ്വ് ബാങ്ക് ഗവർണ്ണറോട് ലെറ്റർവാങ്ങി 1985 മാർച്ചു മാസം 31-ാം തീയതി 166 കോടി രൂപയുടെ മിച്ചമുണ്ടെന്നുള്ള രേഖ കൊണ്ടുവന്ന് നിയമസഭയുടെ മേശപ്പുറത്ത് വച്ചപ്പോഴാണ് വിവാദം കെട്ടടങ്ങുന്നത്. ഞാൻ കരുണാകരനോട് "ലീഡറെ ഇതെന്താ ഇങ്ങനെ പറഞ്ഞത്" എന്ന് വീട്ടിൽചെന്ന് ചോദിച്ചു. അദ്ദേഹം ചിരിച്ചുകൊണ്ട് "മാണീ, ഞാനൊരു തമാശ പറഞ്ഞതല്ലേ" എന്നുപറഞ്ഞ് പൊട്ടിച്ചിരിക്കുകയും ഒന്ന് കണ്ണിറുക്കുകയും ചെയ്തു. ചിരിയോടുകൂടി ആരേയും കീഴ്പ്പെടുത്തുന്ന ഇത്ര മഹനീയമായ ഒരു വ്യക്തിത്വം ഞാൻ ഓർക്കുകയാണ്. ഞാൻ ഒരു സത്യം പറയട്ടെ, ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഇന്ദിരാഗാന്ധിയുടെയും രാജീവ്ഗാന്ധിയുടേയും കാലഘട്ടത്തിൽ ഇൻഡ്യയിലെ നമ്പർ- 2 എന്ന് പരിഗണിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു കരുണാകരൻ. കരുണാകരൻ ഒരു കിംഗ് മേക്കറായിരുന്നു. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ദേശീയ രാഷ്ട്രീയത്തിലേക്ക് ഉയരാൻ കഴിഞ്ഞ കരുണാകരൻ. ഞാൻ രാഷ്ട്രീയ ജീവിതത്തിലേക്ക് കടന്നുവരുമ്പോൾ പാലായിൽ ആദ്യമായി ഒരു പൊതുവേദി സംഘടിപ്പിച്ചത് ഐ.എൻ.ടി.യു.സി.-യുടെ യോഗം സംഘടിപ്പിക്കാനായിരുന്നു. ഞാൻ നിയമബിരുദം കഴിഞ്ഞ് പാലായിലേക്ക് വരികയാണ്. കരുണാകരൻ ഐ.എൻ.ടി.യു.സി.-യുടെ ലീഡറാണ്. കരുണാകരനെ വിളിച്ചുകൊണ്ടുവന്ന് ഐ.എൻ.ടി.യു.സി.-യുടെ യോഗം ഉദ്ഘാടനം ചെയ്യിപ്പിച്ചതാണ് എന്റെ രാഷ്ട്രീയ ജീവിതത്തിലെ അരങ്ങേറ്റം എന്നു ഞാൻ പറയട്ടെ.

ആ നിലയിൽ 1956 മുതൽ ദീർഘകാലം പല രീതിയിൽ പ്രതിപക്ഷത്തിരുന്നും ഭരണത്തിരുന്നും കൂട്ടായിട്ടും പിണങ്ങിയും തിളങ്ങിയുമൊക്കെ ഒരുമിച്ച് പ്രവർത്തിച്ച് വ്യക്തിബന്ധത്തിന് യാതൊരു തടസ്സവുമില്ലാതെ, ഒരേനിലയിൽ പോയതാണ്. ഇത്ര അടിയുറച്ച ഈശ്വരവിശ്വാസമുള്ള കരുണാകരനെ കേരള രാഷ്ട്രീയത്തിൽ നിലനിർത്തിയത് അദ്ദേഹത്തിന്റെ ശുഭാപ്തിവിശ്വാസമാണ്. ഗുരുവായൂരപ്പൻ ഉള്ളിടത്തോളം കാലം എനിക്ക് യാതൊരു കുഴപ്പവുമില്ലെന്നുള്ള നിലയിൽ തേര് തെളിയിച്ച് മുന്നോട്ടുപോയ വ്യക്തിയാണ് അദ്ദേഹം. ഇത്രമാത്രം ഈശ്വരവിശ്വാസമുണ്ടായിരുന്നൊരു

LIBRARY ARCHIVES Kerala Legislative Assembly.

വ്യക്തി, ധാർമ്മികതയുണ്ടായിരുന്നൊരു വ്യക്തി കേരളരാഷ്ട്രീയത്തിലുണ്ടോയെന്നത് സംശയമാണ്. അങ്ങനെയുള്ള ഒരു മഹാചരിത്രപുരുഷന്റെ, ഒരു യുഗപുരുഷന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ജനറൽ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, കെ. കരുണാകരനെക്കുറിച്ച് ഈ സഭയിൽ ഉയർന്നുവന്ന വികാരങ്ങളോട് നൂറുശതമാനവും യോജിക്കുകയാണ്. സുദീർഘമായ നാല് പതിറ്റാണ്ടു കാലത്തെ അനുഭവ പാരമ്പര്യത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മാണിസാർ ഇവിടെ വിശദീകരിച്ചത്. പുതിയ തലമുറയിൽപ്പെട്ട ജനപ്രതിനിധികളെയും പൊതുപ്രവർത്തകരെയും സംബന്ധിച്ചിടത്തോളം കെ. കരുണാകരനിൽനിന്ന് ഉൾക്കൊള്ളാൻ ധാരാളം പാഠങ്ങളുണ്ട് എന്ന് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വിദ്യാർത്ഥി-യുവജനസംഘടനാരംഗത്ത് ഞങ്ങളൊക്കെ പ്രവർത്തിക്കുമ്പോൾ എനിക്ക് തോന്നുന്നത് ഈ സഭയിൽത്തന്നെയുള്ള നിരവധിപേർ ഏറ്റവും കൂടുതൽ പ്രക്ഷോഭങ്ങളും സമരങ്ങളും നടത്തിയിട്ടുള്ളത് മുഖ്യമന്ത്രി അല്ലെങ്കിൽ ആഭ്യന്തര വകുപ്പുമന്ത്രിയെന്ന നിലയിൽ കെ. കരുണാകരനെതിരായിട്ടായിരുന്നു. ജനകീയപ്രക്ഷോഭങ്ങളും, സമരങ്ങളുമൊക്കെയുണ്ടാകുമ്പോഴും ആ ജനകീയ പ്രക്ഷോഭങ്ങളിലും സമരങ്ങളിലുമുയർന്നുവരുന്ന തീക്ഷ്ണമായ വികാരത്തെപ്പോലും ആത്മസംയമനത്തോടുകൂടി നേരിടാനുള്ള അനിതരസാധാരണമായ അദ്ദേഹത്തിന്റെ കഴിവ് ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മാത്രവുമല്ല വിവാദങ്ങളെക്കാലവും കരുണാകരന്റെ കൂടപ്പിറപ്പായിരുന്നു. ഒരുപക്ഷേ കേരള രാഷ്ട്രീയത്തിന്റെ ചരിത്രത്തിൽ, പൊതുരാഷ്ട്രീയത്തിന്റെ ചരിത്രത്തിൽ ഇത്രയേറെ വിവാദങ്ങൾ പിന്തുടർന്നിട്ടുള്ള രാഷ്ട്രീയനേതാവ് കേരളത്തിലുണ്ടോയെന്നത് സംശയമാണ്. നാല് പ്രാവശ്യം കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോഴും വിവാദങ്ങളുടെ നടുച്ചുഴിയിൽപ്പെട്ടാണ് പലപ്പോഴും ഭരണാധികാര സ്ഥാനത്തുനിന്ന് അദ്ദേഹത്തിന് പുറത്തുപോകേണ്ടിവന്നിട്ടുള്ളത്. അതിശക്തമായ വിവാദങ്ങൾ, പ്രതിപക്ഷത്തിന്റെ ഏറ്റവും കനത്ത എതിർപ്പ്, പ്രതിഷേധം സഭയ്ക്കകത്തും പുറത്തും നേരിടേണ്ടിവരുമ്പോഴും വിവിധ കോണുകളിൽനിന്നുള്ള പ്രതിഷേധം ഉയർന്നുവരുമ്പോഴും അതിനെയൊക്കെ സഹിഷ്ണുതയോടുകൂടി നേരിടാനും ആത്മധൈര്യത്തോടും ഇച്ഛാശക്തിയോടുംകൂടി അത്തരം പ്രശ്നങ്ങളേയും പ്രതിസന്ധികളേയും അതിജീവിക്കാനുമുള്ള അസാമാന്യമായ കഴിവ്, ഇച്ഛാശക്തി, ഒരുപക്ഷേ അപൂർവ്വം വ്യക്തിത്വങ്ങളിൽമാത്രം അന്തർലീനമായിട്ടുള്ളതാണ്. ആ അസാമാന്യമായ കഴിവിന്റേയും മികവിന്റേയും പ്രതീകമായിരുന്നു കെ. കരുണാകരൻ എന്നകാര്യത്തിൽ യാതൊരു സംശയവുംവേണ്ട. അദ്ദേഹം നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അടക്കമുള്ളവരും സൂചിപ്പിച്ചു. തികഞ്ഞ ഇച്ഛാശക്തിയോടുകൂടി എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിനുവേണ്ട ഒരു ഭരണാധികാരിയുടെ ആർജ്ജവവും അഗാധമായ പാണ്ഡിത്യവും അദ്ദേഹത്തിനുണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു രാഷ്ട്രീയ പ്രവർത്തകന്, ഭരണകർത്താവിന് അനുപേക്ഷണീയമായ സാമാന്യബുദ്ധിയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രതീകമായിരുന്നു കെ. കരുണാകരൻ. സമരങ്ങളിലും പ്രക്ഷോഭങ്ങളിലുമൊക്കെ നിൽക്കുമ്പോഴും അതിശക്തമായ പ്രതിഷേധമുയർത്തുമ്പോഴും കനത്ത മാധ്യമവിമർശനം ഏറ്റുവാങ്ങുമ്പോഴും മാധ്യമങ്ങളുടെ ഏറ്റവുമടുത്ത സുഹൃത്തായിരുന്നു കെ. കരുണാകരൻ എന്നുള്ളത് ഏറ്റവും വലിയ വൈരുദ്ധ്യമാണ്, തനതായ വ്യക്തിത്വത്തിലൂടെ താൻ പടുത്തുയർത്തിയ മഹത്തായ പ്രസ്ഥാനവും അതിലൂടെ താനും ദേശീയതലത്തിലേക്ക് വളർന്നുവരുമ്പോഴും ജനങ്ങളുടെ താൽപ്പര്യവും പിന്തുണയും സർവ്വ സമുദായങ്ങളുടെയും പിന്തുണയും സഹകരണവും നേടാനും എല്ലാവരുടേയും പ്രതിനിധിയാണ് എന്ന നിലയിലുള്ള വിശ്വാസം രൂപപ്പെടുത്തുവാനുമൊക്കെ അദ്ദേഹത്തിന്റെ 7 പതിറ്റാണ്ടുകാലത്തെ പൊതുപ്രവർത്തനം ഉപകരിച്ചുവെന്നുള്ളത് തീർച്ചയായും വർത്തമാനകാല രാഷ്ട്രീയനേതൃത്വത്തിന് മാതൃകയാക്കാൻ കഴിയുന്ന അനുഭവപാഠങ്ങളാണ്. കേരളത്തിന് ഒരു പുതിയ വീക്ഷണവും സമീപനവും സംഭാവന ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഭരണരംഗത്തും സാമൂഹിക രംഗത്തും പൊതുപ്രവർത്തനരംഗത്തുമൊക്കെ അനിഷേധ്യമായ, ഉജ്ജ്വലമായ നേതൃത്വമെന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന അദ്ദേഹത്തിന്റെ വേർപാട് കേരളത്തെ സംബന്ധിച്ചിടത്തോളം, രാജ്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ നഷ്ടമാണെന്ന കാര്യത്തിൽ സംശയം വേണ്ട. ഇവിടെ പ്രതിപാദിച്ചതുപോലെ അദ്ദേഹത്തിന് കൊടുത്ത വിടവാങ്ങൽ, കക്ഷിരാഷ്ട്രീയത്തിനതീതമായി ഭരണ-പ്രതിപക്ഷ വ്യത്യാസം കൂടാതെ എല്ലാ സാമുദായികമായ സങ്കുചിത ചിന്തകൾക്കുമതീതമായിരുന്നു കേരളം ഒരു മനസ്സോടുകൂടിയുള്ള വിടവാങ്ങലാണ് അദ്ദേഹത്തിന് നൽകിയത് ഇവിടെ നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സി. ദിവാകരൻ സൂചിപ്പിച്ചതുപോലെ അദ്ദേഹം എം.പി. അല്ല, എം. എൽ. എ. അല്ല, മന്ത്രിയല്ല, ഇപ്പോൾ ഒരു അധികാര സ്ഥാനങ്ങളിലുമിരിക്കാത്ത അദ്ദേഹത്തിന് ലഭിച്ചിട്ടുള്ളത് വീരോചിതമായ യാത്രയയപ്പാണ്. അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവർത്തനങ്ങൾ തീർച്ചയായും പുതിയ തലമുറയിലെ രാഷ്ട്രീയപ്രവർത്തകർക്കൊക്കെ മാതൃകയാണ്. ആ അനിതരസാധാരണമായ, അസാമാന്യമായ വ്യക്തിത്വത്തിന്റെ വേർപാടിലുള്ള ദു:ഖവും, അനുശോചനവും ഈ സഭയോടൊപ്പം ഞാനും എന്റെ രാഷ്ട്രീയപ്രസ്ഥാനവും പങ്കുവച്ചുകൊണ്ട് അനുശോചനം അറിയിക്കുന്നു. നന്ദി, നമസ്ക്കാരം.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഇവിടെ ബഹുമാനപ്പെട്ട അങ്ങും സഭാനേതാവും, പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായി ഞാൻ ഐയാജിക്കുകയാണ്. 7 പതിറ്റാണ്ടു കാലം ദേശീയ കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന അദ്ദേഹത്തിന് ആശുപത്രിയിൽ കിടന്ന അന്നുമുതൽ അദ്ദേഹത്തിന്റെ അവസാനനിമിഷംവരെ കക്ഷിരാഷ്ട്രീയത്തിനതീതമായ, ജാതിമതചിന്തകൾക്ക് അതീതമായ അന്ത്യോപചാരമാണ് കേരളജനത അർപ്പിച്ചത്. മറ്റൊരു നേതാവിനും ലഭിച്ചിട്ടില്ലാത്ത അംഗീകാരമാണ് അദ്ദേഹത്തിന് ലഭിച്ചത്. ജനങ്ങളെ ഏറ്റവും അധികം

LIBRARY ARCHIVES Kerala Legislative Assembly

സ്നേഹിച്ച ഒരു നേതാവായിരുന്നു അദ്ദേഹം. അതുപോലെ ജനങ്ങൾ ഏറ്റവുമധികം സ്നേഹിച്ച ഒരു നേതാവായിരുന്നു അദ്ദേഹം. അതോടൊപ്പംതന്നെ നേരത്തെ നേതാക്കൾ ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ വികസനകാര്യത്തിൽ ഏറ്റവുമധികം താൽപ്പര്യമെടുത്തൊരു മുഖ്യമന്ത്രിയായിരുന്നു അദ്ദേഹം. നെടുമ്പാശ്ശേരി വിമാനത്താവളം തുടങ്ങിയ നിരവധി വികസന പദ്ധതികൾ അദ്ദേഹത്തിന്റെ കാലഘട്ടങ്ങളിൽ നടപ്പാക്കാൻ കഴിഞ്ഞു. അതോടൊപ്പം അവികസിതമേഖലകളുൾപ്പെടുന്ന കാസർഗോഡും പത്തനംതിട്ടയും ജില്ലകൾ അദ്ദേഹത്തിന്റെ കാലത്ത് അനുവദിക്കപ്പെട്ടത് ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിക്കുകയാണ്. അദ്ദേഹം 1967 മുതൽ 1991 വരെ മാള നിയോജകമണ്ഡലത്തിൽനിന്നും തുടർച്ചയായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. മുനിസിപ്പൽ കൗൺസിലറായും നിയമസഭാംഗമായും പാർലമെന്റ് അംഗമായും മുഖ്യമന്ത്രിയായും കേന്ദ്രമന്ത്രിയായും ഏറ്റവും നല്ലഭരണം കാഴ്ചവയ്ക്കുവാനും പ്രവർത്തിക്കുവാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. അദ്ദേഹം രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുകയും ജയിൽ വാസം അനുഷ്ഠിക്കുകയും ചെയ്തത് നമുക്ക് എന്നും സ്മരിക്കാൻ കഴിയും. എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ 1991-ൽ അംഗമാകാൻ ഒരു മഹാഭാഗ്യമുണ്ടായി. 1994-ൽ നമ്മുടെ രാജ്യത്ത് മഹാത്മജിയുടെ സ്വപ്നം യാഥാർത്ഥ്യമാക്കുന്ന പഞ്ചായത്ത് രാജ് ബില്ല്, നഗരസഭാബില്ല് എന്നിവ തയ്യാറാക്കാനും നിയമസഭയിൽ അംഗീകരിച്ച് പാസ്സാക്കാനും കഴിഞ്ഞത് കേരള രാഷ്ട്രീയ ചരിത്രത്തിലെ ഒരു അദ്ധ്യായമാണ്. ഇന്ന് ഏറ്റവും നല്ല പഞ്ചായത്തീരാജ് നിയമം നടപ്പിലാക്കിയ ഒരു സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ കഴിഞ്ഞതിന്റെ ഒരു തുടക്കമായിരുന്നു അത് എന്നുള്ള കാര്യവും ഈ സന്ദർഭത്തിൽ ഞാൻ സ്മരിക്കുകയാണ്. അതുപോലെതന്നെ ഞാൻ പ്രതിനിധാനം ചെയ്യുന്ന ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിനോടും പാർട്ടി നേതാക്കളോടും അദ്ദേഹം വിട്ടുപിരിയുന്നതുവരെയും കാണിച്ച ബന്ധവും സ്നേഹവും ഒരിക്കലും മറക്കാൻ കഴിയില്ല. അസ്ഥിരമായ ഭരണകൂടം കേരളത്തെ പ്രതിസന്ധിയിലെത്തിച്ച ഒരു കാലഘട്ടം ഇന്ന് ഞാൻ ഓർക്കുകയാണ്. കാലാവധി പൂർത്തീകരിക്കാതെ പല മന്ത്രിസഭകളും തകിടം മറിയുകയും കേരളത്തിന്റെ വികസനവും പ്രവർത്തനവും നിലച്ച്, അനിശ്ചിതത്വമുണ്ടാക്കിയ ഒരു കാലഘട്ടത്തിൽ നിന്ന് കേരളരാഷ്ട്രീയത്തിൽ 5 വർഷക്കാലം പൂർത്തീകരിക്കുന്ന സ്ഥിരതയുള്ള ഒരു ഗവൺമെന്റിന് മുന്നോട്ട് പോകാൻ കഴിയുന്നവിധം മുന്നണി രാഷ്ട്രീയത്തിന് നേതൃത്വം കൊടുത്ത ഒരു നേതാവ് കൂടിയായിരുന്നു അദ്ദേഹം. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനും നമ്മുടെ സംസ്ഥാനത്തിനും ദേശീയ രാഷ്ട്രീയത്തിനുമെല്ലാംതന്നെ അദ്ദേഹത്തിന്റെ വേർപാട് ഒരു തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനോടും അതുപോലെ ഈ സഭയോടും എല്ലാംതന്നെ എന്റേയും എന്റെ പാർട്ടിയുടേയും അനുശോചനവും ദു:ഖവും അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ, സഭയിൽ അങ്ങും മുഖ്യമന്ത്രിയുൾപ്പെടെയുള്ള നേതാക്കൻമാരും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ യോജിക്കുകയാണ്. കെ. കരുണാകരൻ കേരളത്തിന്റെ മുൻ മുഖ്യമന്ത്രി മാത്രമല്ല കേരളത്തിന്റെ വീഡർ എന്നുകൂടിയാണ് അറിയപ്പെട്ടിരുന്നത്. ചിത്രകാരനായി ആരംഭിച്ച അദ്ദേഹത്തിന്റെ ജീവിതം അവസാനിച്ചപ്പോൾ ചരിത്രത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. നിർഭയനായ ഭരണാധികാരി, ശക്തനായ രാഷ്ട്രീയ തന്ത്രജ്ഞൻ, പ്രായോഗിക രാഷ്ട്രീയത്തിന്റെ പ്രയോക്താവ്, മുന്നണി രാഷ്ട്രീയ രസതന്ത്രത്തിന്റെ മർമ്മം അറിഞ്ഞ തന്ത്രശാലി എന്നിങ്ങനെ കരുണാകരനെക്കുറിച്ച് പറയാൻ നിരവധി വിശേഷണങ്ങളുണ്ട്. പ്രതിബന്ധങ്ങളെയും പ്രതിസന്ധികളെയും എല്ലാംതന്നെ അദ്ദേഹം നേരിട്ടിരുന്നത് ശക്തനായ പോരാളി എന്ന നിലയിൽത്തന്നെയാണ്. കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ഒരു ചിത്രകാരൻ ഭാവനയിൽ കാണുന്ന കേരളമായിരുന്നു. നിരവധി പദ്ധതികളിൽ അദ്ദേഹം ഒരിക്കൽ മുകുന്ദപുരം നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുമ്പോൾ അവിടത്തെ ഒരു പ്രജ എന്ന നിലയിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാനും ബന്ധപ്പെടാനും സാഹചര്യമുണ്ടായിട്ടുണ്ട്. അദ്ദേഹം തുടങ്ങിവച്ച വികസന പ്രവർത്തനങ്ങളുടെ ഫലമാണ് നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം. അതിന്റെ ഗുണം എന്റെ സ്വന്തം നാട് ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിന് അദ്ദേഹത്തോട് നന്ദിയുണ്ട്. എല്ലായ്പോഴും അദ്ദേഹം വികസന പ്രവർത്തനങ്ങൾക്ക് ഒരു മാതൃക തന്നെയായിരുന്നു. പലപ്പോഴും മാധ്യമങ്ങളെ നേരിടുമ്പോൾ അദ്ദേഹത്തിന്റെ ചടുലമായ മറുപടി, ചിരിയുടെ പ്രത്യേകതകൾ, ദ്വയാർത്ഥ പ്രയോഗങ്ങൾ, മാത്രമല്ല കണ്ണിറുമ്മൽ പോലും മാധ്യമങ്ങൾക്ക് വിഭവങ്ങളായിരുന്നു. ഇത്തരത്തിൽ കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന അദ്ദേഹം ജനകീയമായി ഏറ്റവും കൂടുതൽ ജനങ്ങളെ ആകർഷിച്ച നേതാക്കളിൽ ഒരാളായിരുന്നു. എന്നും വിവാദങ്ങളിൽ അഭിരമിച്ചിരുന്ന കരുണാകരൻ, അതിലെല്ലാം തിളങ്ങി നിന്നിരുന്നു. ആ ശോഭ നിലനിർത്തിക്കൊണ്ടുതന്നെയാണ് അന്ത്യംവരെ വാർത്തകളിൽ നിറഞ്ഞുനിന്നിരുന്നു. കരുണാകരന്റെ വികസന പ്രവർത്തനത്തിന്റെ മാതൃക നമ്മുടെ രാജ്യത്തിനും ഒരു മാതൃകയാക്കാൻ തികച്ചും അനുയോജ്യമാണ്. കരുണാകരന്റെ ദേഹവിയോഗത്തിൽ ഞാനും എന്റെ പാർട്ടിയും അനുശോചനം അറിയിക്കുന്നു. ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, കഴിഞ്ഞ ഏഴ് പതിറ്റാണ്ടുകാലം കേരള രാഷ്ട്രീയത്തിന്റെ ഗതിവിഗതികളെ നിയന്ത്രിച്ച അത്യുന്നതരായ നേതാക്കളിൽ ഒന്നാം സ്ഥാനീയനാണ് നമ്മെ വിട്ടുപിരിഞ്ഞ കെ. കരുണാകരൻ. അദ്ദേഹത്തെക്കുറിച്ച് അങ്ങും മുഖ്യമന്ത്രി ഉൾപ്പെടെയുള്ള വിവിധ കക്ഷി നേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും ഹൃദയപൂർവ്വം പങ്കുചേരുന്നു. ഒരു വിദ്യാർത്ഥി പ്രവർത്തകനായി രംഗത്തുവന്നതുമുതൽ ഇക്കാലമത്രയും അദ്ദേഹത്തിന്റെ സ്നേഹം അനുഭവിക്കാൻ അവസരമുണ്ടായിട്ടുള്ള ഒരാളാണ് ഞാൻ. അങ്ങനെയൊക്കെ പ്രവർത്തിച്ചിരുന്ന കാലഘട്ടങ്ങളിലെല്ലാം അത്ഭുതത്തോടുകൂടിയാണ് കെ. കരുണാകരന്റെ പ്രവർത്തനങ്ങളെ ഞങ്ങളെല്ലാം

നോക്കിക്കണ്ടിരുന്നത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഐക്യമുന്നണി രാഷ്ട്രീയത്തിന്റെ സിദ്ധാന്തവും പ്രയോഗവും എങ്ങനെയായിരിക്കണമെന്നതിന് മാതൃക കാണിച്ച നേതാവാണ് അന്തരിച്ച കെ. കരുണാകരൻ. സഖാവ് ദിവാകരൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒരുകാലത്ത് കോൺഗ്രസ്സുകാർക്ക് കമ്മ്യൂണിസ്റ്റുകാരുമായി സഹകരിക്കുക എന്നത് ചിന്തിക്കാൻ പറ്റാത്തതായിരുന്നു. തിരിച്ചും അങ്ങനെയായിരുന്നു. വിരോധം കത്തിനിന്നിരുന്ന ആ കാലഘട്ടത്തിലാണ് സി.പി.ഐ.-യുടെ നേതൃത്വത്തിലുള്ള ഒരു ഗവൺമെന്റിനെ അധികാരത്തിലെത്തിക്കാനുള്ള ചടുലമായ തന്ത്രജ്ഞത കെ. കരുണാകരൻ കാണിച്ചത്. അദ്ദേഹം ആ കാലത്തെ പിന്നീടും കമ്മ്യൂണിസ്റ്റു പാർട്ടികളില്ലാത്ത ഒരു ഐക്യമുന്നണിക്ക് രൂപം നൽകുകവഴി പ്രദർശിപ്പിച്ചു. ഒരുപക്ഷേ അതായിരിക്കാം ഇന്ന് കേരളത്തിൽ നിലനിൽക്കുന്ന ഐക്യജനാധിപത്യമുന്നണിയുടെ തുടക്കം എന്ന് എനിക്ക് തോന്നുന്നു. 1970-കളുടെ മധ്യത്തിൽ ദേശീയ രാഷ്ട്രീയത്തിൽ ഇന്ദിരാഗാന്ധി സ്വീകരിച്ച രാഷ്ട്രീയ സമീപനങ്ങളുടെ നേരവകാശി ആയി പ്രവർത്തിക്കാൻ കെ. കരുണാകരനാണ് ശ്രമിച്ചത്. അങ്ങനെ ശ്രമിച്ചതിലൂടെ അദ്ദേഹം കേരളത്തിലെ കോൺഗ്രസ്സ് രാഷ്ട്രീയത്തേയും കേരള രാഷ്ട്രീയത്തേയും പുതിയ ഒരു ചാലിലൂടെ നയിക്കുകയാണ് ചെയ്തിട്ടുള്ളത്. ആ കാലഘട്ടത്തിലാണ് അദ്ദേഹം കോൺഗ്രസ്സുകാരുടെ ലീഡർ ആയത്. പിന്നീട് അദ്ദേഹം ജനങ്ങളുടെയാകെ ലീഡർ ആകുകയും ചെയ്തു. ഇവിടെ ഒരു കാര്യം ഓർമ്മിക്കേണ്ടതുണ്ട്, അദ്ദേഹം തികഞ്ഞ ഈശ്വരവിശ്വാസിയായിരുന്നു. മലയാള മാസം ഒന്നാം തീയതി കെ. കരുണാകരന്റെ പേരോട് കൂട്ടിച്ചേർത്താണ് മലയാളി വായിക്കാറ്. അങ്ങനെ തികഞ്ഞ ഈശ്വര വിശ്വാസിയായ ഒരാൾക്ക് എങ്ങനെ ഒരു തികഞ്ഞ സെക്യുലർ ആകാൻ കഴിയും എന്നത് കേരളത്തിലെ ഏതെങ്കിലും ഒരു രാഷ്ട്രീയ നേതാവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറയാൻ നമുക്ക് കഴിയുമെങ്കിൽ അത് കെ. കരുണാകരനെക്കുറിച്ചായിരിക്കും എന്ന് എനിക്ക് തോന്നുകയാണ്. അങ്ങനെ നിരവധി കാര്യങ്ങൾ. ഇവിടെ പറഞ്ഞ കാര്യങ്ങൾ ഒന്നും ഞാൻ ആവർത്തിക്കുന്നില്ല. കേരള രാഷ്ട്രീയത്തിന് വികസന രാഷ്ട്രീയമാണ് പ്രധാനം എന്നൊരു സന്ദേശം അദ്ദേഹം തന്നെയാണ് നൽകിയത് എന്ന് എനിക്ക് തോന്നുന്നു. സമന്വയത്തിന്റെ ഭാഷ എങ്ങനെയായിരിക്കണമെന്ന് രാഷ്ട്രീയ വിദ്യാർത്ഥികളെ പഠിപ്പിച്ചതും അദ്ദേഹമായിരുന്നുവെന്ന് എനിക്ക് തോന്നുകയാണ്. ജനമനസ്സുകളിൽ അദ്ദേഹത്തിന്റെ സ്ഥാനമെന്തായിരുന്നു എന്നതിനെക്കുറിച്ച് വാചാലമായ തെളിവുകളാണ് കഴിഞ്ഞ 23-ാം തീയതി ഉച്ചയ്ക്കുശേഷം മുതൽ മിനിഞ്ഞാന്ന് വൈകുന്നേരംവരെ കേരളം കണ്ടിട്ടുള്ളത്. അതെങ്ങനെ സാധിക്കുമെന്ന് ഞാൻ അത്ഭുതത്തോടെ ഈ ദിവസങ്ങളിൽ നോക്കിക്കാണുകയായിരുന്നു. ഒരു നേതാവും ഒരു രാഷ്ട്രീയ പ്രവർത്തകനും ഇങ്ങനെയൊക്കെ ആകാൻ കഴിയുമോ എന്ന്. അങ്ങനെ ആകാൻ കഴിയുമെങ്കിൽ എന്ന് ആരും കൊതിച്ചുപോകും. ഭരണാധികാരി, പാർലമെന്റേറിയൻ, കേന്ദ്രമന്ത്രി എന്നീ നിലകളിലൊക്കെ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കേന്ദ്ര വ്യവസായ വകുപ്പുമന്ത്രി എന്ന നിലയിൽ പ്രവർത്തിച്ച കാലത്തും കേരളത്തോട് നല്ല സമീപനമാണ് അദ്ദേഹം പുലർത്തിയിരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എന്ന് ആ കാലത്തെ പ്രവർത്തനങ്ങൾ പരിശോധിച്ചുനോക്കിയാൽ നമുക്ക് മനസ്സിലാക്കാൻ പറ്റും. ഈ തരത്തിലെല്ലാം ജനമനസ്സുകളെ കീഴടക്കിയ കെ. കരുണാകരൻ അങ്ങനെയാണ് കേരളീയരുടെയാകെ ലീഡർ ആയി മാറിയത്. അദ്ദേഹത്തിന്റെ മരണത്തോടുകൂടി അങ്ങനെയൊരു ലീഡറും അങ്ങനെയൊരു കരുണാകരനും കേരള രാഷ്ട്രീയത്തിൽ ഇനി ഉണ്ടാകാൻ ഇടയില്ല. അസാമാന്യമായ ധീരതയോടെ, അസാമാന്യമായ നയതന്ത്രജ്ഞതയോടെ അസാധാരണമായ സ്നേഹവായ്പോടെ കേരളീയരെ സേവിച്ച ഒരു ഉന്നത നേതാവിന്റെ നിര്യാണത്തിൽ ഈ സഭയിലെ എല്ലാവരും പങ്കുവച്ച വികാരത്തോടും കേരളീയരാകെ പങ്കുവച്ച ആദരവോടും ഒത്തുചേർന്നുകൊണ്ട് ആ സ്മരണയ്ക്കുമുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് എന്റെയും എന്റെ പാർട്ടിയുടേയും അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. വി. സുരേന്ദ്രൻ പിള്ള): സർ, കെ. കരുണാകരന്റെ ജ്വലിക്കുന്ന ഓർമ്മകൾ പങ്കുവയ്ക്കുമ്പോൾ അങ്ങും സഭാനേതാവും മറ്റു നേതാക്കളുമൊക്കെ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. പൊതുപ്രവർത്തന രംഗത്തും ഭരണ രംഗത്തും ധാരാളം മാതൃകകൾ സൃഷ്ടിച്ചിട്ടുള്ള, നമുക്ക് സമ്മാനിച്ചിട്ടുള്ള ഒട്ടേറെ അനുഭവങ്ങൾ കേരളത്തിൽ ബാക്കി നിർത്തിയിട്ടാണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നത്. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം ഭാവിയിൽ പഠിക്കാൻ തയ്യാറാകുന്ന ഒരു ചരിത്ര വിദ്യാർത്ഥിക്ക് കെ. കരുണാകരന്റെ പ്രവർത്തനങ്ങളെ പരാമർശിക്കാതെ, പഠിക്കാതെ, കെ. കരുണാകരൻ എന്ന രാഷ്ട്രീയ നേതാവിനെ സ്മരിക്കാതെ അദ്ദേഹത്തിന്റെ പഠനം പൂർത്തിയാക്കാൻ കഴിയില്ല. അത്രയേറെ കേരളത്തിന്റെ പൊതുരംഗവുമായി താദാത്മ്യം പ്രാപിച്ചിട്ടുള്ള ഭരണ രംഗവുമായി, വികസന രംഗവുമായി ഏറെ ബന്ധപ്പെട്ടു കിടക്കുകയായിരുന്നു അദ്ദേഹത്തിന്റെ ഏഴ് പതിറ്റാണ്ട് നീണ്ട രാഷ്ട്രീയ ജീവിതം. എനിക്ക് വ്യക്തിപരമായി അദ്ദേഹത്തിന്റെ ജീവിത ശൈലിയുമായും അദ്ദേഹവുമായും വളരെ അടുപ്പമുണ്ടായിരുന്നു. 1983-84 കാലഘട്ടം മുതലാണ് അദ്ദേഹവുമായി ഏറ്റവും അടുത്ത് ഇടപഴകാൻ എനിക്ക് അവസരം ലഭിച്ചത്. 1984-ൽ ഞാൻ പുനലൂരിൽ നിന്ന് നിയമസഭയിലേക്ക് ജയിച്ചുവന്ന കാലഘട്ടം മുതൽ അദ്ദേഹവുമായി ഭരണപക്ഷത്തും പ്രതിപക്ഷത്തുമൊക്കെ പ്രവർത്തിച്ചിട്ടുണ്ടെങ്കിലും നല്ല ഒരു വ്യക്തിബന്ധം കാത്തുസൂക്ഷിച്ചുകൊണ്ട്, മരിക്കുന്ന നിമിഷം വരെയും മുന്നോട്ടുപോകാൻ കഴിഞ്ഞു.

1984-ൽ ഡൽഹിയിൽ എത്തി അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയെ കാണാൻ, അവരുടെ ഓഫീസ് സന്ദർശിക്കാൻ, അന്തരിച്ചുപോയ പ്രിയപ്പെട്ട നേതാവ് കെ. കരുണാകരനാണ് എന്നെ കൂട്ടിക്കൊണ്ടു പോയത്. ആ ഓർമ്മകൾ ഇപ്പോഴും എന്റെ മനസ്സിലുണ്ട്. ഒരു രാഷ്ട്രീയ നേതാവ് എന്ന് പറയുമ്പോൾ ഒരുപാട് കാര്യങ്ങളിൽ എതിരാളികളും ഒരു പക്ഷേ അനുകൂലികളുമെല്ലാമുണ്ടാകാം. എങ്കിലും ആരോടും മോശമായി ഒരിക്കലും പെരുമാറാതെ എല്ലാവരോടും നല്ല സ്നേഹം വച്ചു

LIBRARY ARCHIVES Kerala Legislative Assembly

പുറവർത്തുകയും എല്ലാവരോടും നല്ല രീതിയിൽ പെരുമാറുകയുമൊക്കെ ചെയ്യാൻ കഴിയുക എന്നത് വളരെ ചുരുക്കം ആളുകൾക്കുമാത്രം കഴിയുന്ന ഒരു കാര്യമാണ്. ആ രംഗത്തെല്ലാം വലിയൊരു മാതൃകയായിട്ടാണ് കേരളീയ സമൂഹം അദ്ദേഹത്തെ കണ്ടിരുന്നത്. ഒരുപാട് ഓർമ്മകൾ ബാക്കി വച്ചിട്ടാണ് അദ്ദേഹം പോയിരിക്കുന്നത്. അദ്ദേഹം മരിക്കുന്ന ദിവസവും അദ്ദേഹത്തെ അനന്തപുരി ആശുപത്രിയിൽ പോയി കാണാൻ എനിക്ക് കഴിഞ്ഞിരുന്നു. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതു പോലെ അനന്തപുരി ആശുപത്രി മുതൽ തൃശൂർ ജില്ലയിലെ മുരളീമന്ദിരം വരെ അദ്ദേഹത്തിന് ലഭിച്ച, ജനങ്ങളുടെ മനസ്സിന്റെ അടിത്തട്ടിൽ സൂക്ഷിച്ചിരുന്ന അംഗീകാരം അത് എത്ര വലുതായിരുന്നു എന്ന് അദ്ദേഹത്തിന്റെ ഭൗതിക ശരീരം ദർശിക്കാൻ വേണ്ടി കൂടിയ ജനസഞ്ചയത്തെ കണ്ടാൽ നമുക്ക് ബോധ്യമാകും. ആ വലിയ നേതാവിന്റെ നിര്യാണത്തിൽ ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കുമുണ്ടായ നഷ്ടത്തിൽ ഞാനും പങ്കുചേരുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ബഹുമാന്യനായ ലീഡറുടെ വേർപാടിൽ അങ്ങും ബഹുമാന്യരായ ഈ സഭയിലെ നേതാക്കന്മാരും രേഖപ്പെടുത്തിയ അഭിപ്രായങ്ങളോട് ഞാനും എന്റെ പാർട്ടിയും യോജിക്കുകയാണ്. എന്നെപ്പോലുള്ള പുതിയ തലമുറയിലെ പൊതുപ്രവർത്തകർക്ക് രാഷ്ട്രീയത്തിലേക്ക് കടന്നുവരാൻ വഴിയൊരുക്കിയ, ഉപദേശങ്ങൾ നൽകിയ ലീഡറുടെ വേർപാടിൽ കേരളത്തിലെ മുഴുവൻ ജനങ്ങളൊടൊപ്പം വ്യക്തിപരമായ ദുഃഖവും നഷ്ടവും ഞങ്ങൾക്കുണ്ട്. അദ്ദേഹം ധീരനായ ഒരു രാഷ്ട്രീയ നേതാവായിരുന്നു. ഐ.എൻ.ടി.യു.സി. എന്ന മഹത്തായ തൊഴിലാളി പ്രസ്ഥാനത്തെ കേരളത്തിന്റെ മണ്ണിൽ പടുത്തുയർത്തിക്കൊണ്ടാണ് അദ്ദേഹം തന്റെ രാഷ്ട്രീയ ജീവിതം, രാഷ്ട്രീയ പ്രവർത്തനം ആരംഭിക്കുന്നത്. തുടർന്ന് ഇങ്ങോട്ട് മുനിസിപ്പൽ കോർപ്പറേഷനിലും നിയമസഭയിലും പാർലമെന്റിലുമൊക്കെ തന്റെ സാന്നിദ്ധ്യം കൊണ്ട് നിറഞ്ഞു നിന്ന ലീഡർ, എല്ലാവരും ഇഷ്ടപ്പെടുന്ന ലീഡർ, എല്ലാവരുടേയും ലീഡർ, എല്ലാവരും എന്ന് പറയുമ്പോൾ പൊതുപ്രവർത്തകർ മാത്രമല്ല, ജനങ്ങൾ മാത്രമല്ല, മാധ്യമങ്ങളും കലാകാരന്മാരുമൊക്കെ ഇഷ്ടപ്പെടുന്ന ലീഡർ. സ്വതന്ത്ര ഭാരതത്തിൽ കേരളത്തിന്റെ ചരിത്രത്തിൽ ഉയർന്നുനിൽക്കുന്ന എല്ലാ വികസനത്തിന്റെ മുമ്പിലും ഉയർന്നുനിൽക്കുന്ന എല്ലാ സ്ഥാപനങ്ങളിലും അദ്ദേഹത്തിന്റെ കയ്യൊപ്പുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവളം, കരിപ്പൂർ വിമാനത്താവളം, സ്റ്റേഡിയം അതുപോലെതന്നെ പ്രധാനമന്ത്രി തുറക്കാൻ പോകുന്ന വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ, ഗോശ്രീ പാലം എല്ലാം അദ്ദേഹത്തിന് 75-80 വയസ്സായതിനുശേഷവും അദ്ദേഹത്തിന്റെ മനസ്സിൽ യുവത്വം നിലനിൽക്കുന്നതിന്റെ പ്രതീകമായി ഇവിടെ ഉയർന്നുവന്ന വികസനപ്രവർത്തനങ്ങളാണ്. ഇന്ത്യയുടെ ചരിത്രത്തിൽ ഒരു സ്വകാര്യ വിമാനത്താവളം എന്ന ചിന്ത ഭരണകർത്താക്കളുടെ മനസ്സിൽ ഇല്ലാത്ത കാലത്താണ് അദ്ദേഹം നെടുമ്പാശ്ശേരി വിമാനത്താവളം എന്ന ആശയം

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ട് വയ്ക്കുന്നത്. അതുപോലെതന്നെ ഏതുമേഖലയിലും, ഇവിടെ പറഞ്ഞു, അദ്ദേഹം സെക്കുലറാണെന്ന്. അദ്ദേഹം ഒരു വലിയ ദൈവവിശ്വാസിയാണെന്ന് ശ്രീ. മാണിസാറും ഇവിടെ പറഞ്ഞു. കടുത്ത ദൈവവിശ്വാസിയായിരിക്കെത്തന്നെ അദ്ദേഹം സെക്കുലറിസം നിലനിർത്തി. ഈ രാജ്യത്തെ പാവപ്പെട്ടവർ, പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പാവങ്ങളെ സമൂഹത്തിന്റെ മുൻ നിരയിലേക്ക് കൈപിടിച്ചുകൊണ്ടുവരാൻ അദ്ദേഹം വഹിച്ചതുപോലുള്ള പങ്ക് മറ്റ് പല ഭരണകർത്താക്കൾക്കും കഴിഞ്ഞിട്ടില്ല എന്നുള്ളത് നമ്മൾ ഈ സമയത്ത് ഓർമ്മിക്കണം. ഒരുപക്ഷേ രാഷ്ട്രീയമായി അദ്ദേഹത്തെ എതിർക്കുന്നവർപോലും ഒരു ഭരണകർത്താവ് എന്ന നിലയിൽ അദ്ദേഹത്തെ ശ്രദ്ധിക്കും. "കിംഗ്. മേക്കർ" എന്ന് അദ്ദേഹത്തെ പറഞ്ഞു. ഇന്ത്യയുടെ ചരിത്രത്തിൽ പട്ടികജാതി സമുദായത്തിൽ നിന്ന് ഉയർന്നുവന്ന രാഷ്ട്രപതിയായിരുന്ന കെ. ആർ. നാരായണനെ കേരളത്തിൽ കൊണ്ടുവന്ന് കേരളത്തിലെ ഒരു നിയോജകമണ്ഡലത്തിൽ മത്സരിപ്പിച്ച് വലിയ ഭൂരിപക്ഷം നൽകി ഇന്ത്യയുടെ ഭരണതലത്തിലേക്ക് കൊണ്ടുവരികയും രാഷ്ട്രപതിയുടെ പദവിയിലേക്കുള്ള യാത്രയിൽ അദ്ദേഹത്തെ കൈപിടിച്ചുകൊണ്ടുവരാനുള്ള മഹത്തായ സാന്നിദ്ധ്യം ലീഡറുടെ കൈയ്യിൽ നിന്ന് ഉണ്ടായി. അതുപോലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ആദിവാസികൾ ഇവരെല്ലാവരുടേയും കാര്യങ്ങളിൽ അദ്ദേഹം കാണിച്ചിട്ടുള്ള സ്നേഹം, എല്ലാവരേയും മുന്നോട്ട് കൊണ്ടുവരാനുള്ള ശ്രമം, എല്ലാം പരിഗണിക്കുമ്പോൾ അദ്ദേഹം ഒരു കിംഗ് മേക്കറാണ്. ഏറ്റവും പാവപ്പെട്ടവരെ സഹായിക്കുന്നയാളാണ്. നമ്മുടെ ഈ സഭപോലുള്ള മഹത്തായ സഭകളിലും പാർലമെന്റിലുമൊക്കെ പാസ്സാക്കുന്ന നിയമങ്ങൾ പാവപ്പെട്ടവർക്ക് വേണ്ടിയുള്ളതാണ്. പലപ്പോഴും ഈ രാജ്യത്ത് ബ്യൂറോക്രസി അവരെ ചുവപ്പുനാടയിൽ കുരുക്കുന്നു. ഈ ചുവപ്പുനാടകളെ ബുദ്ധിപരമായി അഴിച്ചുകൊണ്ട് ഒരു ഭരണകർത്താവ് എങ്ങനെ പാവങ്ങളായ ജനങ്ങളെ സഹായിക്കണമെന്ന് പഠിപ്പിക്കുന്ന ഒരു ഭരണകർത്താവായിരുന്നു അദ്ദേഹം. ഒരുപക്ഷേ രാഷ്ട്രീയമായി അദ്ദേഹത്തെ കണ്ടുപഠിക്കൂ എന്ന് പറഞ്ഞാൽ പലർക്കും എതിർപ്പുണ്ടാകാം. പക്ഷേ അദ്ദേഹം ഒരു ഭരണകർത്താവ് എന്ന നിലയിൽ ഒരു പാഠപുസ്തകമാണ്, ഒരു ഇൻസ്റ്റിറ്റ്യൂട്ടാണ്, അദ്ദേഹത്തിൽനിന്നും ഭരണകർത്താക്കൾ പലതും പഠിക്കാനുണ്ട്. തീർച്ചയായിട്ടും അദ്ദേഹം എക്കാലവും രാഷ്ട്രീയത്തിൽ വേട്ടയാടപ്പെട്ടിട്ടുള്ള ഒരു വ്യക്തിയാണ്. അദ്ദേഹത്തെ സ്നേഹിക്കുന്നവർക്ക് പലപ്പോഴും അതിൽ വേദനയുമുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ അവസാന നിമിഷംവരെ അദ്ദേഹം തന്റെ എതിരാളികളുടെ വേട്ടയ്ക്ക് വിധേയനായി. പക്ഷേ അദ്ദേഹം ഒരിക്കലും അവരുടെ വേട്ടയ്ക്ക് വഴങ്ങിയിട്ടില്ല. ക്രൂരനായ വേട്ടക്കാരന്റെ വേട്ടയ്ക്കുമുന്നിൽ വഴങ്ങാത്ത ധീരനായിരുന്നു അദ്ദേഹം. അവസാന നിമിഷംവരെ, അദ്ദേഹത്തിന്റെ അന്ത്യനിമിഷങ്ങളിൽപ്പോലും അദ്ദേഹം വേട്ടയാടപ്പെട്ടു എന്നതിൽ അദ്ദേഹത്തെ സ്നേഹിക്കുന്നവർ വേദനിക്കും. തീർച്ചയായും ഒരു കരുത്തനായ നേതാവിനെ നമുക്ക് നഷ്ടപ്പെട്ടു, എല്ലാവരും സ്നേഹിച്ച നേതാവിനെ നമുക്ക് നഷ്ടപ്പെട്ടു. ആ നഷ്ടം അദ്ദേഹത്തിന്റെ കുടുംബത്തിന് മാത്രമല്ല അദ്ദേഹം നേതൃത്വം കൊടുത്ത ഇന്ത്യൻ നാഷണൽ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസിനും ഒരു വലിയ നഷ്ടമാണെന്ന് ശ്രീമതി സോണിയാഗാന്ധിയും ഇന്ത്യയുടെ പ്രധാനമന്ത്രിയും അവരുടെ സാന്നിദ്ധ്യംകൊണ്ട് ഇവിടെ തെളിയിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം പ്രതിനിധാനം ചെയ്ത രാഷ്ട്രീയ പ്രസ്ഥാനത്തിനും അദ്ദേഹത്തിന്റെ കുടുംബത്തിനും അദ്ദേഹത്തെ സ്നേഹിക്കുന്ന കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും നമുക്ക് എല്ലാവർക്കുമുണ്ടായിട്ടുള്ള നഷ്ടം നികത്താൻ കഴിയുന്നതല്ല. ലീഡർക്ക് പകരം മറ്റൊരു ലീഡർ ഇനി ഉണ്ടാകുകയില്ല. ഇങ്ങനെയുള്ള നേതാക്കൾ ഉണ്ടാകണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. ഈ വേർപാടിൽ അദ്ദേഹത്തിന്റെ കുടുംബത്തിനുണ്ടായ ദുഃഖത്തിൽ പങ്കുചേരുന്നതോടൊപ്പം എന്റെയും എന്റെ പാർട്ടിയുടേയും ആദരാഞ്ജലികൾ അദ്ദേഹത്തിനുമുമ്പിൽ അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ പൂരുക്കുന്നു.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, ദിവംഗതനായ, അഭിവന്ദ്യനായ കരുണാകരന്റെ ജീവിതം ഒരു അത്ഭുതപ്രതിഭാസമായിരുന്നു. ജീവിതാന്ത്യംവരെ ജ്വലിച്ച് നിന്നിരുന്ന അഗ്നിനാളത്തെ അഗ്നിനാളങ്ങൾ ഏറ്റുവാങ്ങുന്ന ഒരു സായാഹ്നമാണ് തൃശൂരിൽ വച്ച് നമുക്കെല്ലാവർക്കും സാക്ഷ്യം വഹിക്കാനായത്. മഹാത്മജിയുടെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെ കർമ്മമണ്ഡലങ്ങളിൽ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള ഒരു തൊഴിലാളി നേതാവ് സ്വാതന്ത്ര്യ സമര സേനാനി, തൃശൂർ നഗരസഭയിലെ ജനപ്രതിനിധി മുഖ്യമന്ത്രി, കേന്ദ്രമന്ത്രി തുടങ്ങി വിവിധ തലങ്ങളിൽ ഭരണരംഗത്തും രാഷ്ട്രീയ രംഗത്തും സുപ്രധാനമായ നേതൃത്വം അവങ്കരിച്ചിട്ടുള്ള വ്യക്തിയായിരുന്നു അദ്ദേഹം. നിരവധി ബഹുമതികൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. "ലീഡർ" എന്ന ബഹുമതി ജനങ്ങൾ നൽകിയ ഹൃദയമുദ്രയാണെന്നതിനു തെളിവാണ് ഈ കഴിഞ്ഞ ദിവസം തലസ്ഥാന നഗരി മുതൽ തൃശൂർ വരെ നടന്ന, നമ്മളെല്ലാവരുംതന്നെ ദൃശ്യസാക്ഷ്യം വഹിച്ചിട്ടുള്ള അദ്ദേഹത്തിന്റെ അന്ത്യയാത്ര. അങ്ങനെ ലീഡർ എന്ന നാമധേയം പൂർണ്ണമായും അന്വർത്ഥമാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതമെന്ന് അനുഭവത്തിലൂടെ ബോധ്യമായ ഒരു സാഹചര്യത്തിന് ഞാനും സാക്ഷ്യം വഹിക്കുകയുണ്ടായി. അദ്ദേഹം കോൺഗ്രസ് തറവാട്ടിലെ സ്നേഹനിധിയായ ഒരു കാരണവരായിരുന്നു. വിദ്യാർത്ഥി യുവജനപ്രസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന കാലത്തും നമുക്കെല്ലാം ഓർക്കാനും ഓമനിക്കാനും ആദരിക്കാനും കഴിയുന്ന നിരവധി അനുഭവങ്ങളുണ്ടായിട്ടുണ്ട്. ഭരണാധികാരി, രാഷ്ട്രീയ നേതാവ്, തൊഴിലാളി നേതാവ് എന്നീ നിലകളിൽ ജീവിതം സനാർത്തീകരിക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ ഒരു വലിയ വിജയമായിരുന്നു സംസ്ഥാനത്തെ ജനങ്ങൾ അദ്ദേഹത്തിന് നൽകിയ സ്നേഹാദരങ്ങൾ തന്നെ അതിനുള്ള ഏറ്റവും വലിയ തെളിവാണ്. ജാതിമത ചിന്തകളൊന്നും അദ്ദേഹത്തിന്റെ മനസ്സിനെ ഒരിക്കലും സ്വാധീനിച്ചിട്ടില്ല എന്നതാണ് മുഖ്യമായ കാര്യം. നമ്മുടെ മഹിതമായ രാജ്യത്തിന്റെ മതനിരപേക്ഷതയും സാമുദായിക സൗഹാർദ്ദവുമൊക്കെ കാത്തുസൂക്ഷിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. രാഷ്ട്രീയത്തിൽ സ്നേഹത്തിന് ഒരു പുതിയ മുഖം നൽകാൻ, സ്നേഹം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് എല്ലാ മനസ്സുകളേയും സ്വാധീനിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. രാഷ്ട്രീയത്തിലും സ്നേഹത്തിന് പ്രസക്തിയും പ്രാധാന്യവുമുണ്ടെന്ന് സൂചിപ്പിച്ചിട്ടുള്ള ഒരു രാഷ്ട്രീയനേതാവ് കൂടിയാണ് ദിവംഗതനായ കരുണാകരൻ. അദ്ദേഹത്തിന്റെ നിത്യസ്മരണയ്ക്കുമുമ്പിൽ എന്റെ സ്നേഹ നിർഭരമായ അഭിവാദനങ്ങളും ആദരാഞ്ജലികളും കോൺഗ്രസ് (എസ്)-ന്റെ നാമധേയത്തിൽ രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കെ. ഷാജു</u>: സർ, ആദരണീയനായ നിയമസഭാ സ്പീക്കറും, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റ് കക്ഷി നേതാക്കളുമൊക്കെ സമാദരണീയനും രാഷ്ട്രീയ കേരളത്തിന്റെ വികസന നായകനും കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെ അമരക്കാരനുമായിരുന്ന യശ:ശ്ശരീരനായ ലീഡർ കെ. കരുണാകരനെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകളോട് ഞാനും യോജിക്കുകയാണ്. കേരളത്തിന്റെ വികസന കുതിപ്പിന് നെടുനായകത്വം വഹിച്ചവരിൽ ഒരാൾ എന്നല്ല മുഖ്യ ആസൂത്രകനും, ഇച്ഛാശക്തി കൊണ്ട് കഴിഞ്ഞ ആറ് പതിറ്റാണ്ടുകാലം കേരളത്തിന് നൂറുകണക്കിന് വികസന പദ്ധതികൾ സമ്മാനിച്ച, പാവങ്ങളോടും പട്ടികജാതി/പട്ടികവർഗ്ഗക്കാരോടും ദുർബ്ബല ജനവിഭാഗങ്ങളോടും ന്യൂനപക്ഷങ്ങളോടും കരുണ കാട്ടിയ കേരളത്തിന്റെ എക്കാലത്തേയും മികച്ച നേതാവായിരുന്നു നമുക്കൊക്കെ പ്രിയങ്കരനായിരുന്ന ലീഡർ കെ. കരുണാകരൻ. അദ്ദേഹം വികസന രംഗത്തിന് നെടുനായകത്വം വഹിച്ചുവെന്നു പറയുമ്പോൾ പാവങ്ങളോട് കാണിച്ചിട്ടുള്ള കരുണ പ്രത്യേകം എടുത്തു പറയേണ്ടതാണ്. എന്റെ നിയോജകമണ്ഡലത്തിലെ നൂറനാട് ലെപ്രസ്സി സാനിറ്റോറിയം ഏഷ്യയിലെതന്നെ ഏറ്റവും വലിയ ലെപ്രസ്സി സാനിറ്റോറിയമാണ്. അവിടത്തെ അന്തേവാസികൾക്ക് പുറത്തുപോയി സിനിമയോ അതുപോലെയുള്ള കലാപരിപാടികൾ കാണാനോ ബുദ്ധിമുട്ടുള്ളതുകൊണ്ട് അവർക്കായി നൂറനാട് ലെപ്രസ്സി സാനിറ്റോറിയത്തിനകത്ത് ആധുനിക രീതിയിലുള്ള ഒരു സിനിമാ തിയേറ്റർ അദ്ദേഹം സമ്മാനിച്ചത് എടുത്തുപറയേണ്ട കാര്യമാണ്. ആ കാര്യങ്ങളിലൊക്കെ പാവങ്ങളോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത എടുത്തു പറയാൻ കഴിയുന്നതാണ്. നവ കേരളത്തിന്റെ ശിൽപി എന്നറിയപ്പെടുന്ന ലീഡർ കെ. കരുണാകരന്റെ ദേഹവിയോഗത്തിൽ ദു:ഖിതരായിരിക്കുന്ന കേരള ജനതയുടേയും കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും ദു:ഖത്തിൽ പങ്കുചേരുന്നു. ലീഡറുടെ ദീപ്തമായ സ്മരണയ്ക്കു മുന്നിൽ പ്രാർത്ഥനാപുഷ്പങ്ങൾ അർപ്പിക്കുന്നു.

<u>ശ്രീ. എം. കെ. പ്രേംനാഥ്</u>: സർ, കോൺഗ്രസ്സ് പ്രസ്ഥാനത്തെ കെട്ടിപ്പടുക്കുന്നതിനും കേരളത്തിന്റെ വികസനത്തിനും കെ. കരുണാകരൻ വഹിച്ചിട്ടുള്ള പങ്ക് ഞാൻ ഇവിടെ സ്മരിക്കുകയാണ്. ഒരു സാധാരണ രാഷ്ട്രീയ പ്രവർത്തകനായി രാഷ്ട്രീയ രംഗത്തേക്ക് കടന്നുവന്ന് സംസ്ഥാനത്തെ മുഖ്യമന്ത്രി, കേന്ദ്ര മന്ത്രി എന്നീ തലങ്ങളിലേക്ക് എത്തിയ അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

തളരാത്ത പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ലീഡറായി മാറിയത്. ലീഡർ കെ. കരുണാകരന്റെ സ്മരണയ്ക്കുമുന്നിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. പി. എം. എ. സലാം : സർ, കേരളത്തിന്റെ മൊത്തം വികാരമാണ് ഇതുവരെ ഈ സഭയിൽ പ്രകടമായത്. കഴിഞ്ഞ രണ്ടുമൂന്ന് ദിവസമായി കേരളം ദർശിച്ചതും ആ വികാരവായ്പുകൾ തന്നെയാണ്. കേരളത്തിലെ ജനഹൃദയങ്ങളിൽ കെ. കരുണാകരന്റെ സ്വാധീനം എത്രമാത്രം ആഴ്ന്നിറങ്ങിയിരുന്നു എന്നത് ഇപ്പോഴാണ് പൂർണ്ണ അർത്ഥത്തിൽ മനസ്സിലാക്കുന്നത്. അദ്ദേഹം സ്ഥിരോത്സാഹത്തിലൂടേയും പ്രായോഗിക സമീപനങ്ങളിലൂടെയുമായിരുന്നു ഈ സ്വാധീനം നേടിയത്. തൃശൂർ നഗരത്തിലെ ഒരു ശാഖാ പാർട്ടി ഭാരവാഹി, തൊഴിലാളി പ്രവർത്തകൻ എന്നീ നിലയിൽനിന്ന് ദേശീയ രാഷ്ട്രീയത്തിൽ പ്രധാനമന്ത്രിമാരെ നിശ്ചയിക്കുവാനുള്ള പ്രഥമ സ്ഥാനീയനായി വളരാൻ സാധിച്ചത് അദ്ദേഹത്തിന്റെ നേതൃപാടവം കൊണ്ടായിരുന്നു. കേരളത്തിന്റെ വികസനത്തെക്കുറിച്ച് അദ്ദേഹത്തിന് പ്രത്യേകം ചിന്തകളുണ്ടായിരുന്നു. അത് കേരളത്തിന്റെ വികസന രംഗത്ത് ഒരുപാട് നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതൊക്കെ ഇവിടെ പറഞ്ഞു. അദ്ദേഹത്തിന്റെ രാഷ്ട്രീയ റിക്കോർഡുകൾ പലതും ഇപ്പോഴും തിരുത്തപ്പെടാതെ കിടക്കുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ തവണ മുഖ്യമന്ത്രിയായത് അദ്ദേഹമാണ്. ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ കൊച്ചിയിലും തിരുക്കൊച്ചിയിലും കേരള നിയമസഭയിലും പാർലമെന്റിന്റെ ഇരു സഭകളിലും അംഗമായ ഏക കേരളീയൻ കെ. കരുണാകരൻ തന്നെയാണ്. അതുപോലെ തന്നെ ചിത്രരചനയിൽ ഡിപ്ലോമ നേടി അവസാനം കേരളത്തെക്കുറിച്ചുള്ള വ്യക്തമായ ചിത്രം തന്റെ മനസ്സിൽ കോറിവയ്ക്കുകയും അത് കേരളത്തിന്റെ വികസനത്തിനുവേണ്ടി പ്രയത്നിക്കുകയും ചെയ്ത ആളാണ് അദ്ദേഹം. വികസനത്തെക്കുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന സ്വപ്നത്തിന്റെ നേട്ടങ്ങൾ ഇന്ന് കേരളജനത അനുഭവിച്ചുവരികയാണ്. അദ്ദേഹം മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് എന്റെ നാടായ മലപ്പുറം ജില്ലയിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ഒരു ബോട്ട്ലിംഗ് പ്ലാന്റ് അനുവദിച്ചത്. കേരളത്തിലെ ആദ്യത്തെ പാചക വാതക ബോട്ട്ലിംഗ് പ്ലാന്റായിരുന്നു അത്. അതുപോലെ പ്രാദേശികമായി നമുക്ക് ഓരോരുത്തർക്കും എണ്ണിപ്പറയാവുന്ന ഒരുപാട് നേട്ടങ്ങൾ കേരളത്തിലെ മൊത്തം നേട്ടങ്ങളെക്കുറിച്ച് സ്മരിക്കുമ്പോൾ പറയാൻ സാധിക്കും. ഏതായാലും കേരള രാഷ്ട്രീയത്തിന് ഒരു പുതിയ മാനം നൽകുകയും കക്ഷി രാഷ്ട്രീയ-മത-ജാതി വ്യത്യാസമില്ലാതെ എല്ലാവരുടേയും ലീഡറായി മരണത്തിൽപ്പോലും വിരാജിക്കുകയും ചെയ്ത കെ. കരുണാകരന്റെ ദീപ്തമായ ഓർമ്മകൾക്കുമുമ്പിൽ ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. എ. കെ. ചന്ദ്രൻ : സർ, ബഹുമാന്യനായിരുന്ന കെ. കരുണാകരന്റെ വേർപാടിൽ ദു:ഖം രേഖപ്പെടുത്തിക്കൊണ്ട് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, പ്രതിപക്ഷ നേതാവും കക്ഷി നേതാക്കളുമെല്ലാം പ്രകടിപ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വികാരങ്ങളോടും അഭിപ്രായങ്ങളോടും ഞാനും യോജിക്കുകയാണ്. അതു കൊണ്ട് അത്തരം കാര്യങ്ങളെ സംബന്ധിച്ചൊന്നും ഇവിടെ പ്രതിപാദിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. 1965-ലാണ് മാള നിയോജകമണ്ഡലം രൂപം കൊണ്ടത്. അവിടെ ആദ്യമായി കോൺഗ്രസ്സിനുവേണ്ടി മത്സരിക്കാൻ എത്തിയത് കെ. കരുണാകരൻ ആയിരുന്നു. ആ തെരഞ്ഞെടുപ്പ് വിജയം മുതൽ 1996-ലെ തെരഞ്ഞെടുപ്പിൽ നിയമസഭാ രാഷ്ട്രീയ രംഗത്തുനിന്ന് മാറി ലോക്സഭയിലേക്ക് മത്സരിക്കാൻ അദ്ദേഹം തയ്യാറാകുന്ന സാഹചര്യം വരെ മാള നിയോജകമണ്ഡലത്തിൽ ശക്തന്മാരായ പ്രതിയോഗികളെ അണിനിരത്തി നടത്തിയ പോരാട്ടങ്ങളിലെല്ലാം കെ. കരുണാകരനെ തോൽപ്പിക്കാൻ ആർക്കും കഴിഞ്ഞില്ല. അത് അദ്ദേഹവും മാളയിലെ ജനങ്ങളും തമ്മിലുള്ള ബന്ധമായിരുന്നു. മാളയെ സംബന്ധിച്ചിടത്തോളം, ഏതു കാര്യത്തിനും ആര് അദ്ദേഹത്തെ, ഏത് സ്ഥാനത്ത് ഇരിക്കുന്ന സമയത്ത് സമീപിച്ചാലും ആരെന്നോ ഏത് പാർട്ടിക്കാരനാണെന്നോ ഏത് മതത്തിൽപ്പെട്ടവനാണെന്നോ, ഏത് സമുദായത്തിൽപ്പെട്ടവനാണെന്നോ ചോദിക്കാതെ മാളക്കാരനാണെന്ന് പറഞ്ഞാൽ ഏത് അവസരത്തിലും സെക്രട്ടേറിയറ്റിൽ ആയാലും അദ്ദേഹത്തിന്റെ വീട്ടിലായാലും രാമനിലയത്തിലായാലും അദ്ദേഹം വസിക്കുന്ന എവിടെയായാലും എത്തി അദ്ദേഹത്തെകാണാൻ അനുവദിച്ച ഒരു വലിയ നേതാവായിരുന്നു അദ്ദേഹം. അതുകൊണ്ട് തന്നെയാണ് നേരത്തെ പറഞ്ഞതുപോലെ സംസ്ഥാനതെരഞ്ഞെടുപ്പിലും മാളക്കാർ രാഷ്ട്രീയം നോക്കാതെ അദ്ദേഹത്തെത്തന്നെ സന്തോഷമായി തെരഞ്ഞെടുക്കാനുള്ള സാഹചര്യമുണ്ടായത്. 1982-ലെ തെരഞ്ഞെടുപ്പിൽ അദ്ദേഹം മാളയിൽനിന്നും നേമത്തുനിന്നും മത്സരിച്ചു. മാളയിൽ കിട്ടിയതിനേക്കാൾ ഭൂരിപക്ഷത്തിൽ അദ്ദേഹം നേമത്ത് നിന്ന് തെരഞ്ഞെടുക്കപ്പെട്ടു. പിറ്റേദിവസം പത്രക്കാർ അദ്ദേഹത്തെ സമീപിച്ച് ഏത് മണ്ഡലമാണ് നിലനിർത്താൻ ആഗ്രഹിക്കുന്നതെന്ന് ചോദിച്ചപ്പോൾ, ഇവിടെ പ്രതിപാദിച്ചതുപോലെ ആ സ്വതസിദ്ധമായ ചിരിയോടും ഒരു കണ്ണിറുക്കലോടുംകൂടി പറഞ്ഞത് മാള എന്റെ സഹധർമ്മിണിയാണ് എന്നാണ്. നേമത്തെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞ വാക്ക് ഇപ്പോൾ ഇവിടെ പറയുന്നില്ല. മാള എന്റെ സഹധർമ്മിണിയാണ്, അതുകൊണ്ട് സഹധർമ്മിണിയെ ആരും ഉപേക്ഷിക്കാറില്ല എന്നുപറഞ്ഞ് അവിടേയും അദ്ദേഹം മാളയെ നിലനിർത്തി. ഇപ്പോൾ മാള മണ്ഡലത്തെ സംബന്ധിച്ച് അദ്ദേഹവും ഞാനും ചരിത്രത്തിന്റെ ഭാഗമായി മാറുകയാണ്. അദ്ദേഹം മാള നിയോജകമണ്ഡലത്തിലെ തുടക്കക്കാരനായ ജനപ്രതിനിധിയെങ്കിൽ ഒടുക്കക്കാരനായ ജനപ്രതിനിധിയായി ഞാനും മാറുകയാണ്. മാള നിയോജകമണ്ഡലം ഇനിയില്ല. മാള നിയോജകമണ്ഡലമില്ലാത്ത ഒരു തെരഞ്ഞെടുപ്പ് കാണാതെതന്നെ അദ്ദേഹം ലോകത്തോട് വിട പറഞ്ഞിരിക്കുകയാണ്. ഏതായാലും മാള നിയോജകമണ്ഡലത്തിന്റെ വികസന പ്രവർത്തനങ്ങളിൽ, മാളക്കാരെ ഒന്നാക്കി നിർത്തുന്ന കാര്യത്തിൽ, മാളയുടെ പൊതുവികാരങ്ങൾ മാനിച്ച് മുന്നോട്ടുപോകുന്ന കാര്യത്തിൽ, ഏറ്റവും നല്ല പ്രവർത്തനമാതൃകയാണ് അദ്ദേഹം കാഴ്ചവച്ചത്. മാളയിലെ നിരവധി വികസന പ്രവർത്തനങ്ങൾക്ക് നാന്ദി കുറിക്കുകയും, പൂർത്തിയാക്കുകയും,

നടപടി ആരംഭിക്കുകയുമെല്ലാം ചെയ്തത് അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ് എന്നുകൂടി അനുസ്മരിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ മാളയിലെ മുഴുവൻ ജനങ്ങൾക്കുവേണ്ടിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മി. സ്പീക്കർ : അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കാം.

(അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2010 ഡിസംബർ 28-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.10-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly